بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ نَحْمَدُہٗ وَنُصَلِّیْ عَلٰی رَسُوْلِہِ الْکَرِیْمِ وَعَلٰی عَبْدِہِ الْمَسِیْحِ الْمَوْعُوْد

وَلَقَدْ نَصَرَکُمُ اللّٰہُ بِبَدْرٍ وَّاَنْتُمْ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാല്യം 3

ലക്കം 50

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഡിസംബർ 13/ഹി:ശം:1397 ഫത്ഹ് 13/ഹി:ഖ:1440 റബിഉൽആഖിർ 05


## അല്ലാഹുവിന്റെ വചനം

رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهٖ ۚ وَاعْفُ عَنَّا ۟ وَاغْفِرْ لَنَا ۟ وَارْحَمْنَا ۟ اَنْتَ مَوْلٰىنَا فَانْصُرْنَا عَلَى الْقَوْمِ الْكٰفِرِيْنَ ۝

(سورۃ البقرہ:287)

ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് വഹിക്കാൻ കഴിവില്ലാത്ത ഭാരം ഞങ്ങളുടെ മേൽ ചുമത്തരുതേ. ഞങ്ങൾക്കു മാപ്പു നല്കേണമേ, ഞങ്ങൾക്കു പൊറുത്തുതരേണമേ, ഞങ്ങളോടു കരുണകാണിക്കേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതിനാൽ സത്യനിഷേധികളായ ജനതയ്ക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ. (2:287)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു:**
**കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**മതത്തിൽ ബലാൽക്കാരം പാടുണ്ടെന്ന് വിശുദ്ധഖുർആനിൽ എവിടെയാണ് എഴുതിയിട്ടുള്ളത്? എന്നാൽ, അല്ലാഹു ഖുർആനിൽ പറയുന്നത് 'ലാ ഇക്റാഹ ഫിദ്ദീൻ' അതായത് മതത്തിൽ ഒരു ബലാൽക്കാരവും പാടില്ലെന്നാണ്.**

**നബി(സ)തിരുമേനിയുടെ കാലത്ത് ഏതൊരു കൂട്ടരുമായിട്ടാണോ യുദ്ധം ചെയ്തിരുന്നത് ആ യുദ്ധങ്ങൾ മതത്തെ ബലാൽക്കാരപൂർവ്വം പ്രചരിപ്പിക്കാനായിരുന്നില്ല. പ്രത്യുത യുദ്ധം ചെയ്തത്, ഒന്നുകിൽ ശിക്ഷ എന്ന നിലയിലായിരുന്നു. അല്ലെങ്കിൽ പ്രതിരോധം എന്ന നിലയ്ക്കായിരുന്നു ആ യുദ്ധം നടന്നിരുന്നത്. അതായത് ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യുന്നതിന് മുന്നിട്ടിറങ്ങുകയോ അല്ലെങ്കിൽ തങ്ങളുടെ നാട്ടിൽ ഇസ്‌ലാമിന്റെ പ്രചാരണം കരബലംകൊണ്ട് തടയുകയോ ചെയ്യുന്നവർക്കെതിരിൽ – അവരിൽനിന്ന് സംരക്ഷണം എന്ന നിലയിൽ മുസ്‌ലീംകൾ യുദ്ധം ചെയ്തിരുന്നു. അതുമല്ലെങ്കിൽ രാജ്യത്ത് സ്വാതന്ത്ര്യം സ്ഥാപിക്കുന്നതിന് യുദ്ധം ചെയ്തിരുന്നു. ഈ മൂന്നു വിധത്തിലല്ലാതെ നബി(സ)തിരുമേനിയോ തിരുനബിയുടെ പരിശുദ്ധ ഖലീഫമാരോ യുദ്ധം ചെയ്തിരുന്നില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

നിങ്ങളുടെ വിശ്വാസമനുസരിച്ച് മസീഹുബ്നു മർയം ആകാശത്തുനിന്ന് വരുന്നതുതന്നെ ഈ പ്രവൃത്തിക്കായിട്ടാണ്. അതായത് മഹ്ദിയുമായി ചേർന്നുകൊണ്ട് ജനങ്ങളെ ബലാൽക്കാരമായിട്ടു മുസ്‌ലിമാക്കുവാൻ യുദ്ധം ചെയ്യുക! ഇത് ഇസ്‌ലാമിനു ദുഷ്പ്പേരുണ്ടാക്കുന്ന ഒരു വിശ്വാസമാണ്. മതത്തിൽ ബലാൽക്കാരം പാടുണ്ടെന്ന് വിശുദ്ധഖുർആനിൽ എവിടെയാണ് എഴുതിയിട്ടുള്ളത്? എന്നാൽ, അല്ലാഹു ഖുർആനിൽ പറയുന്നത് **ലാ ഇക്റാഹ ഫിദ്ദീൻ** അതായത് മതത്തിൽ ഒരു ബലാൽക്കാരവും പാടില്ലെന്നാണ്.(2:287) പിന്നെങ്ങനെയാണ് മസീഹുബ്നു മർയമിന് ബലാൽക്കാരം ചെയ്യാൻ അധികാരം കൊടുക്കപ്പെടുന്നത്?

മതത്തിൽ നിർബന്ധമാകാം എന്ന അധ്യാപനം വിശുദ്ധഖുർആനിൽ ഏതുസ്ഥലത്ത് എത്രാമത്തെ അധ്യായത്തിലും വചനത്തിലുമാണുള്ളത്?[1] മതത്തിൽ നിർബന്ധം പാടില്ലെന്ന് മുഴുവൻ ഖുർആനും ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. നബി(സ)തിരുമേനിയുടെ കാലത്ത് ഏതൊരു കൂട്ടരുമായിട്ടാണോ യുദ്ധം ചെയ്തിരുന്നത് ആ യുദ്ധങ്ങൾ മതത്തെ ബലാൽക്കാരപൂർവ്വം പ്രചരിപ്പിക്കാനായിരുന്നില്ലെന്ന് വ്യക്തമായ നിലയിൽ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. പ്രത്യുത യുദ്ധം ചെയ്തത്, ഒന്നുകിൽ ശിക്ഷ എന്ന നിലയിലായിരുന്നു. അതായത് വലിയൊരു വിഭാഗം മുസ്‌ലിംകളെ അറുകൊല ചെയ്യുകയോ ചിലരെ നാട്ടിൽനിന്നു പുറത്താക്കുകയോ അങ്ങേയറ്റം അക്രമം പ്രവർത്തിക്കുകയോ ചെയ്തവർക്ക് ശിക്ഷ നല്കുകയായിരുന്നു അതിന്റെ ലക്ഷ്യം. എപ്രകാരമെന്നാൽ അല്ലാഹു പറയുന്നു:

*ഉദിന ലില്ലദീന യുഖാത്തലൂന ബി അന്നഹും ളുലിമൂ വ ഇന്നല്ലാഹ അലാനസ്വ്‌രിഹിം ല ഖദീർ* (22:40) കുഫ്ഫാർ യുദ്ധം ചെയ്തുകൊണ്ടിരിക്കുന്ന മുസ്‌ലിംകൾക്ക്, അവർ മർദ്ദിതരായ കാരണത്താൽ പോരാടുനുള്ള അനുവാദം നല്കപ്പെട്ടിരിക്കുന്നു. തീർച്ചയായും അവരെ സഹായിക്കുവാൻ അല്ലാഹു ശക്തനാണ്. അല്ലെങ്കിൽ പ്രതിരോധം എന്ന നിലയ്ക്കായിരുന്നു ആ യുദ്ധം നടന്നിരുന്നത്. അതായത് ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യുന്നതിന് മുന്നിട്ടിറങ്ങുകയോ അല്ലെങ്കിൽ തങ്ങളുടെ നാട്ടിൽ ഇസ്‌ലാമിന്റെ പ്രചാരണം കരബലംകൊണ്ട് തടയുകയോ ചെയ്യുന്നവർക്കെതിരിൽ – അവരിൽനിന്ന് സംരക്ഷണം എന്ന നിലയിൽ മുസ്‌ലീംകൾ യുദ്ധം ചെയ്തിരുന്നു. അതുമല്ലെങ്കിൽ രാജ്യത്ത് സ്വാതന്ത്ര്യം സ്ഥാപിക്കുന്നതിന് യുദ്ധം ചെയ്തിരുന്നു. ഈ മൂന്നു വിധത്തിലല്ലാതെ നബി(സ) തിരുമേനിയോ തിരുനബിയുടെ പരിശുദ്ധ ഖലീഫമാരോ യുദ്ധം ചെയ്തിരുന്നില്ല. എന്നല്ല ഇസ്‌ലാം അന്യമതസ്ഥരുടെ അക്രമങ്ങൾ എത്രമാത്രമാണ് സഹിച്ചിരുന്നതെന്നാൽ, അതിന്നുള്ള ഉദാഹരണം മറ്റൊരു ജനതയിലും ലഭിക്കുകയില്ല. അപ്പോൾ ഗ്രന്ഥാനുസാരികളിൽ ആരിൽനിന്നും ജിസ്‌യ(കപ്പം)പോലും സ്വീകരിക്കാതെ വന്നുടനെ ജനങ്ങളെ കൊല്ലാൻ തുടങ്ങുന്ന ഈ ഈസാമസീഹും മഹ്ദി സാഹിബും എങ്ങനെയുള്ള ആളായിരിക്കും!!

*ഹത്താ യുഅ്ത്വുൽ ജിസ്‌യത്താ അൻയ്യദിൻവ്വഹും സാഗിറൂൻ.* അവർ കീഴടങ്ങി സ്വകരങ്ങളാൽ ജിസ്‌യ (കപ്പം) നല്കുന്നതുവരെ (9:29) എന്ന വചനംകൂടി ഇവർ കാലഹരണപ്പെടുത്തും. വന്നുടനെ ഖുർആനിക വചനങ്ങളെ കാലഹരണപ്പെടുത്തുന്ന ഇവർ ദീനുൽ ഇസ്‌ലാമിനെ സഹായിക്കുന്നവരെങ്ങനെയാകും? അതാണെങ്കിൽ നബിയുടെ കാലത്തുപോലും കാലഹരണപ്പെടാത്തതാണ്. ഇത്രമാത്രം വിപ്ലവങ്ങൾ ഉണ്ടായാലും ഖത്തമുന്നുബുവ്വത്തിൽ ഒരു പ്രശ്നവും ഉണ്ടാവുകയില്ലത്രെ! നുബുവ്വത്തിന്റെ കാലഘട്ടം കഴിഞ്ഞ് 13 നൂറ്റാണ്ടുകൾ പിന്നിട്ട ഇക്കാലത്ത് ഇസ്‌ലാംതന്നെയും ഉള്ളാലെ 73 കക്ഷികളായി പിരിഞ്ഞു. യഥാർഥ മസീഹിന്റെ കർത്തവ്യം പ്രമാണങ്ങളോടുകൂടി ഹൃദയങ്ങളിൽ വിജയംവരിക്കുക എന്നതാണ്; അല്ലാതെ വാൾകൊണ്ടല്ല. ക്രൈസ്തവ വിശ്വാസത്തെ യഥാർഥവും സത്യവുമായ പ്രമാണങ്ങളോടെ ഖണ്ഡിക്കുകയാണുവേണ്ടത്. അല്ലാതെ സ്വർണംകൊണ്ടോ വെള്ളികൊണ്ടോ ചെമ്പുകൊണ്ടോ മരംകൊണ്ടോ നിർമിക്കപ്പെട്ട കുരിശുകളെ മുറിച്ചു നിങ്ങൾ അതിക്രമം കാണിക്കുകയാണെങ്കിൽ നിങ്ങളുടെ പക്കൽ സ്വന്തം സത്യതയ്ക്ക് ഒരു തെളിവുമില്ല എന്നതിന്, അത് മതിയായ പ്രമാണമായിരിക്കും.2 (കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 73–75)

1. അറബികളെ സംബന്ധിച്ചിടത്തോളം അവരെ ബലാൽക്കാരമായി മുസൽമാൻ ആക്കണമെന്ന കല്പനയാണുണ്ടായിരുന്നതെന്ന് പറയുകയാണെങ്കിൽ ഈ വിചാരം വിശുദ്ധ ഖുർആനിൽനിന്ന് ഒരിക്കലും സ്ഥാപിതമല്ല. അറബുലോകം മുഴുവൻ നബി(സ)തിരുമേനിക്ക് കഠിനമായ ബുദ്ധിമുട്ടുണ്ടാക്കുകയും ധാരാളം സ്ത്രീകളും പുരുഷന്മാരുമായ സ്വഹാബാക്കളെ വധിക്കുകയും വാ

( ശേഷം പേജ് 10ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സ്വലാത്തിന്റെ മഹത്ത്വം

റംല ഇസ്മായീൽ പഴയങ്ങാടി

വിശുദ്ധ ഖുർആനിൽ 33–ാം അധ്യായമായ അഹ്സാബിൽ അല്ലാഹു പറയുന്നു: *'ഇന്നല്ലാഹ വ മലാഇക്കത്തഹു യുസല്ലൂന അലന്നബിയ്യ് യാ അയ്യുഹല്ലദീന ആമനൂ സല്ലൂ അലയ്ഹി വ സല്ലിമൂ തസ്‌ലീമാ'* അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദ്.

അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നു. വിശ്വാസികളേ! അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻവേണ്ടി നിങ്ങളും പ്രാർഥിക്കുവിൻ.

ഇവിടെ പറഞ്ഞ 'സ്വലാത്ത്' എന്ന വാക്കിന് പ്രാർഥന, അനുഗ്രഹം, കരുണ എന്നെല്ലാമാണ് അർഥം. അല്ലാഹുവിനെ സംബന്ധിച്ച് ഈ പദം പ്രയോഗിക്കുമ്പോൾ അനുഗ്രഹിക്കുക, കരുണ ചൊരിയുക എന്നാണ് താൽപര്യം. മലക്കുകളെ സംബന്ധിച്ചാകുമ്പോൾ നബിയുടെ മേന്മയ്ക്കു വേണ്ടി പ്രാർഥിക്കുക എന്നാണ് അർഥം. സത്യവിശ്വാസികളെ സംബന്ധിച്ചാകുമ്പോൾ അറിയപ്പെട്ട പ്രത്യേക വാചകങ്ങളിൽ നബിയുടെമേൽ സ്വാലാത്ത് ചൊല്ലുക എന്ന് വിവക്ഷിതം.

പ്രവാചക പ്രഭുവായ നബി(സ)തിരുമേനി മുഴു ലോകത്തിനും കാരുണ്യമായിട്ടാണ് ആഗതനായത്. വമാ അർസൽനാക്ക ഇല്ലാ റഹ്മത്തല്ലിൽ ആലമീൻ എന്ന് അല്ലാഹു തന്റെ നബിയെ കുറിച്ച് പറഞ്ഞു. *സൂറ ആലു ഇംറാനിൽ അല്ലാഹു പറഞ്ഞു, ഖുൽ ഇൻ കുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹ്* നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്.

ഈ രണ്ടു വചനങ്ങളും കൂട്ടി വായിക്കുമ്പോൾ നബി(സ)തിരുമേനിയുടെ മഹത്തായ സ്ഥാനം നമുക്ക് മനസ്സിലാകുന്നു. നബി(സ)തിരുമേനിക്കു വേണ്ടി നമ്മൾ സ്വലാത്ത് ചൊല്ലുന്നത് യഥാർഥത്തിൽ നമുക്കുവേണ്ടി തന്നെയാണ്. 'ഫ നാഫിർ സൂൽ' അതായത് നബി(സ)തിരുമേനിയിൽ പൂർണമായും നമ്മൾ അലിഞ്ഞു ചേർന്ന് ഇല്ലാതാകണം. അപ്പോഴാണ് നമ്മൾ യഥാർഥത്തിൽ മുഅ്മിൻ അഥവാ സത്യവിശ്വാസിയാകുന്നത്. അതിന് ഇസ്‌ലാം ഒരുപാട് കാര്യങ്ങൾ നമ്മളോടു പറയുന്നുണ്ട്. അതിലൊന്നാണ് സ്വലാത്ത് ചൊല്ലുക എന്നത്. *"അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ സല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്. അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ ബാറക് ത്ത അലാ ഇബ്റാഹീം വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്"* അല്ലാഹുവേ, ഇബ്റാഹീം നബിക്കും കുടുംബത്തിനും നീ കാരുണ്യം ചെയ്തതുപോലെ മുഹമ്മദിനും(സ) കുടുബത്തിനും നീ കാരുണ്യം ചെയ്യേണമേ. അല്ലാഹുവേ! ഇബ്റാഹീം നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്തതുപോലെ മുഹമ്മദിനും(സ) കുടുബത്തിനും നീ അനുഗ്രഹം ചെയ്യേണമേ.

ഇബ്റാഹീം നബി(അ)യ്ക്ക് അല്ലാഹു നല്കിയ കാരുണ്യവും അനുഗ്രഹവും എന്താണ്? അത് തികച്ചും ആത്മീയമായിരുന്നു. ഭൗതികതയുടെ ചേറ് പുരണ്ടിട്ടില്ലാത്ത നിർമലമായ ആത്മീയാനുഗ്രഹം. അദ്ദേഹത്തിന്റെ പരമ്പരയിൽ ധാരാളം നബിമാരും വലിയ്യുമാരും അബ്ദാലുകളും ദൈവ സാമീപ്യം പ്രാപിച്ച മറ്റു നിരവധി പുണ്യാത്മാക്കളും ഉണ്ടായി. അവർ അല്ലാഹുവിന്റെ ദീനിനെ പ്രോജ്ജ്വലമാക്കി. ഇതുപോലെ നബി(സ)തിരുമേനിയുടെ സമുദായത്തിലും ഒരിക്കലും വറ്റിപ്പോകാത്ത ആത്മീയമായ സ്ഥാനമാനങ്ങൾ നിലനിറുത്തേണമേ എന്നുള്ള പ്രാർഥനയാണ് സ്വലാത്ത്.

ഹദീഥുകളിൽ ഇതുസംബന്ധമായി ഒരുപാട് വിശദീകരണം വന്നിട്ടുള്ളതായി കാണാം. 'തന്റെ പേരിൽ വല്ലവനും സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവനെ 10 പ്രാവശ്യം അനുഗ്രഹിക്കുന്നതാണെന്ന് നബി(സ) പറയുകയുണ്ടായി.

"അന്ത്യദിനത്തിൽ ജനങ്ങളിൽനിന്ന് തന്നോടു ഏറ്റവും അടുത്തവൻ തന്റെ പേരിൽ ഏറ്റവും കൂടുതൽ സ്വലാത്ത് ചൊല്ലിയവനാണെന്ന് മറ്റൊരിക്കൽ അവിടന്ന് അരുൾച്ചെയ്തു.

'നിങ്ങളുടെ ദിവസങ്ങളിൽ ഉത്തമം വെള്ളിയാഴ്ച ദിവസമാണെന്നും അതുകൊണ്ട് നിങ്ങൾ ആ ദിവസത്തിൽ തന്റെ പേരിൽ ധാരാളം സ്വലാത്തു ചൊല്ലണമെന്നും അങ്ങനെയായാൽ നിങ്ങളുടെ സ്വലാത്ത് തന്റെ മുമ്പിൽ വെളിവാക്കപ്പെടുമെന്നും നബി(സ)തിരുമേനി പറഞ്ഞിട്ടുണ്ട്.

തന്റെ ഖബ്ർ ആഘോഷസ്ഥലമാക്കരുതെന്നും നിങ്ങൾ സ്വലാത്തു ചൊല്ലിയാൽ മതിയെന്നും നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളുടെ സ്വലാത്ത് തനിക്കെത്തുമെന്നും നബി(സ)തിരുമേനി വാഗ്ദാനം ചെയ്തു.

നബി(സ)തിരുമേനിയെ സ്നേഹിക്കുകയും ആ മഹാത്മാവിനുമേൽ സ്വലാത്ത് ചൊല്ലുകയും ചെയ്തതിന്റെ ഫലമായി എങ്ങനെയാണ് അല്ലാഹു, തന്നെ സ്നേഹിച്ചതെന്ന് ഇക്കാലത്ത് അല്ലാഹു നിയോഗിച്ചയച്ച വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: എനിക്ക് *'സല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദിൻ സയ്യിദു വുൽദെ ആദമ വ ഖാത്തമന്നബിയ്യീൻ"* എന്ന ഇൽഹാമുണ്ടായി. മുഹമ്മദിന്റേയും മുഹമ്മദിന്റെ കുടുംബാദികളുടേയുംമേൽ സ്വലാത്ത് ചൊല്ലുക. ആ മഹാത്മാവ് ആദം സന്തതികളുടെ നേതാവും ഖാത്തമുന്നബിയ്യീനുമാണ്. സല്ലല്ലാഹു അലയ്ഹിവസല്ലം.

തനിക്കുകിട്ടിയ എല്ലാ പദവികളും അനുഗ്രഹങ്ങളും കാരുണ്യങ്ങളും നബി(സ)തിരുമേനിയുടെ മാർഗം മുഖേന ലഭിച്ചിട്ടുള്ളതും ആ മഹാത്മാവിനെ സ്നേഹിച്ചതിന്റെ വേതനവുമാണെന്ന് ആ ദിവ്യാത്മാവ് പറഞ്ഞു. അദ്ദേഹം പറഞ്ഞു: 'ദൈവിക സവിധത്തിൽ സൃഷ്ടികളുടെ നേതാവിന് എത്രമാത്രം ഉന്നതപദവികളാണുള്ളത്. ഏതു രീതിയിലുള്ള സാമീപ്യമാണുള്ളത്. നബി(സ)തിരുമേനിയെ സ്നേഹിക്കുന്നവൻ, അല്ലാഹുവിന്റെ പ്രേമഭാജനമായിത്തീരുന്നു. നബി(സ)തിരുമേനിയുടെ സേവകൻ ലോകത്തിന്റെ നേതാവായിത്തീരുന്നു.'

സ്വലാത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: 'ഒരു രാത്രി ഈയുള്ളവൻ നബി(സ)തിരുമേനിയുടെമേൽ വളരെയധികം സ്വലാത്ത് ചൊല്ലി. എത്രത്തോളമെന്നാൽ ദേഹവും ദേഹിയും അതുമുഖേന സൗരഭ്യമുള്ളതായിത്തീർന്നു. നിർമലമായ ജലത്തിന്റെ രൂപത്തിൽ പ്രകാശത്തിന്റെ നിറകുടങ്ങൾ ഈ സാ ധുവിന്റെ വീട്ടിൽ കൊണ്ടുവരുന്നതായി ആ രാത്രിയിൽ സ്വപ്നം കണ്ടു. താങ്കൾ മുഹമ്മദിലേക്ക് അയച്ച സ്വലാത്തിന്റെ അനുഗ്രഹമാണിതെന്ന് അവരിലൊരാൾ പറഞ്ഞു.'

അദ്ദേഹം പറഞ്ഞു: ഒരിക്കൽ ഇൽഹാമുണ്ടായി, മലഉൽ അഅ്ലായിലെ –പരമോന്നത ദിവ്യസഭയിലെ ആളുകൾ അഭിപ്രായ ഭിന്നതയിലാണ്. അതായത് അല്ലാഹുവിന്റെ തീരുമാനം ദീനിനെ ജീവിപ്പിക്കുന്നതിന് അഭിനിവേശത്തിലാണുള്ളത്. എന്നാൽ, ആരാണ് ദീനിനെ ജീവിപ്പിക്കുന്നതെന്ന് അവിടെ വ്യക്തമാക്കപ്പെട്ടില്ല. അതുകൊണ്ട് അവർ ഭിന്നാഭിപ്രായത്തിലാണുള്ളത്. ആ നേരത്ത് ജനങ്ങൾ ദീനിനെ ജീവിപ്പിക്കുന്ന ഒരാളെ തിരഞ്ഞു നടക്കുന്നതായി സ്വപ്നത്തിൽ ഞാൻ കണ്ടു. ഒരാൾ എന്റെയടുത്തുവന്ന് എന്നെ ചൂണ്ടിക്കൊണ്ട് പറഞ്ഞു, 'ഹാദാ റജ്‌ലുൻ യുഹിബ്ബു റസൂലല്ലാഹി' നബി(സ)തിരുമേനിയെ സ്നേഹിക്കുന്ന മനുഷ്യൻ ഇദ്ദേഹമാണ്. ഈ വാക്യത്തിന്റെ ഉദ്ദേശ്യം ഈ സ്ഥാനം പ്രാപിക്കുന്നതിനുള്ള ഏറ്റവും വലിയ നിബന്ധന നബി(സ)തിരുമേനിയോടുള്ള സ്നേഹമാണ് എന്നതാകുന്നു. അതായത് ദീനിനെ ജീവിപ്പിക്കുന്ന ആൾക്കു വേണ്ടുന്ന നിബന്ധന നബി (സ)തിരുമേനിയോടുള്ള സ്നേഹം അയാളുടെ മനസ്സിലുണ്ടായിരിക്കണമെന്നതാണ്. അത് ഈ മനുഷ്യനിലുണ്ടെന്നാണ് അവർ പറഞ്ഞത്.

നബി(സ)തിരുമേനിയുടെ കുടുംബത്തിനുമേലും സ്വലാത്ത് ചൊല്ലാൻ കല്പനയുണ്ട്. അതിലുള്ള രഹസ്യം ദൈവികപ്രഭയിൽ അഭിവൃദ്ധിയുണ്ടാകുന്നതിന് നബി(സ)തിരുമേനിയേയും കുടുംബത്തേയും ആദരവോടെ സ്നേഹിക്കുക എന്നതാണ്. അതായത് അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നതിന് നബി(സ)തിരുമേനിയോടും ആ മഹാത്മാവിന്റെ കുടുംബത്തോടും സ്നേഹം ഉണ്ടാകേണ്ടതാണ്.

കഴിഞ്ഞ 1400 വർഷത്തിലേറെയായുള്ള കോടിക്കണക്കിന് പുണ്യാത്മാക്കളുടെ സ്വലാത്തിന്റെ ഫലമായാണ് അല്ലാഹു ഇന്ന് ഒരു ആത്മീയഗുരുവിനെ ലോകത്തിന് പ്രദാനം ചെയ്തത്. ഇബ്റാഹീം നബി(അ)ന്റെ പരമ്പരയിൽ ആത്മീയ നേതൃത്വം നിലനിന്നതുപോലെ ഇവിടേയും അത് നിലനില്ക്കേണ്ടതുണ്ടായിരുന്നു. മനുഷ്യകുലം അല്ലാഹുവിനെ കൈവിട്ടെങ്കിലും അവൻ മനുഷ്യകുലത്തെ കൈവിട്ടില്ല. അവന്റെ നടപടി ക്രമമനുസരിച്ച് അവൻ ആത്മീയ നേതൃത്വം നല്കി മുസ്‌ലിം സമുദായത്തെ എന്നല്ല മുഴുവൻ ജനങ്ങളേയും അനുഗ്രഹിച്ചിരിക്കുകയാണ്. ഇതു മനസ്സിലാക്കാനുള്ള സൗഭാഗ്യം അല്ലാഹു ലോകത്തിന് നല്കുമാറാകട്ടെ.

## 124–ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 124–ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2018 ഡിസംബർ 28,29,30(വെള്ളി, ശനി, ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനും വേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

***(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

# ഖുത്ബ ജുമുഅ

**നബി(സ)തിരുമേനിയുടെ തിരുസഖാക്കളായ ഹദ്റത്ത് ഉമയ്ർ ബിൻ അബൂ വഖാസ്, ഹദ്റത്ത് ഖുത്ബ ബിൻ ആമിർ അൻസ്വാരി, ഹദ്റത്ത് ശുജാഅ് ബിൻ വഹ്ബ്, ഹദ്റത്ത് ശമ്മാസ് ബിൻ ഉഥ്മാൻ, ഹദ്റത്ത് അബൂ അബസ ബിൻ ജബ്ർ, അബൂ അഖീൽ ബിൻ അബ്ദുല്ലാഹ് അൻസ്വാരി(റ) എന്നിവരെ കുറിച്ചുള്ള ഹ്രസ്വമായ ജീവചരിത്രം.**

**മുബല്ലിഗ് മൗലാനാ അബ്ദുൽ അസീസ് സ്വാദിഖ് സാഹിബ് ബംഗ്ലാദേശിന്റെ വഫാത്ത്; നങ്കാന ജില്ലയിലെ സയ്യിദ്‌വാലയിൽ താമസിക്കുന്ന ബിശാറത്ത് അഹ്മദ് സാഹിബിന്റെ മകൻ മുഹമ്മദ് സഫ്റുല്ലാ സാഹിബിന്റെ ശഹാദത്ത്. പരേതാത്മാക്കളെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബ് നമസ്കാരവും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 നവംബർ 16/1397 തബൂക് 16**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ്, മോർഡൻ,(യു.കെ)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് ഉമയ്ർ ബിൻ അബീ വഖാസ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ഒരു സ്വഹാബിയായിരുന്നു. അബൂവഖാസ് മാലിക് ബിൻ ഉഹയ്ബ ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ്. ഹിജ്റ രണ്ടിൽ ബദ്ർ യുദ്ധത്തിലാണ് ഇദ്ദേഹം ശഹീദായത്. ഹദ്റത്ത് സഅദ് ബിൻ അബീ വഖാസിന്റെ ചെറിയ സഹോദരനായിരുന്നു ഹദ്റത്ത് ഉമയ്ർ(റ). ആരംഭകാല മുസ്‌ലിംകളിൽപെട്ടവരായിരുന്നു. ഹംന ബിൻത് സുഫ്‌യാൻ എന്നായിരുന്നു അദ്ദേഹത്തിന്റെ മാതാവിന്റെ പേര്. ഖുറയ്ശീ ഗോത്രമായ ബനൂസുഹ്റയുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. പറഞ്ഞതുപോലെ ബദ്ർ യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നു; അതിലാണ് അദ്ദേഹം ശഹീദായത്. നബി(സ) തിരുമേനി ഹദ്റത്ത് ഉമയ്റിനേയും അംറ് ബിൻ മുആദിനേയും സഹോദരന്മാരാക്കിയിരുന്നു. (അൽ ഇസ്തീആബ്, വാല്യം 3, പേജ് 294, ഉമയ്ർ ബിൻ അബീ വഖാസ്, പ്രസാധകർ ദാറുൽ കതുബുൽ ഇൽമിയ്യ ബേറൂത്ത് 2002) (അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 3 പേജ് 79, ഉമയ്ർ ബിൻ അബീ വഖാസ്, പ്രസാധകർ ദാറുഅഹ്‌യാ ഉത്തുറാഥ് അൽഅറബി, ബേറൂത്ത് 1996) ഹദ്റത്ത് ഉമയ്ർ ബിൻ അബീ വഖാസിനേയും ഹദ്റത്ത് ഖുനയ്ബ് ബിൻ അദിയ്യിനേയുമായിരുന്നു സഹോദരന്മാരാക്കിയിരുന്നതെന്ന് ചിലർ അഭിപ്രായപ്പെട്ടിരുന്നു. (ഉയൂനുൽ അഥ്ർ, വാല്യം 1, പേജ് 232, ബാബുദിക്റുൽ മവാഖാത്ത്, പ്രസാധകർ ദാറുൽഖലം ബേറൂത്ത് 1993)

അദ്ദേഹത്തിന്റെ ശഹാദത്ത് സംഭവവും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തതും സംബന്ധിച്ച് വിവരിച്ചുകൊണ്ട് സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതിയിരിക്കുന്നു: 'മദീനയിൽനിന്ന് കുറച്ചു ദൂരം പുറപ്പെട്ട് നബി(സ)തിരുമേനി താവളമടിക്കാൻ കല്പിച്ചു. സൈന്യത്തെ പരിശോധിച്ചു. പ്രായം കുറഞ്ഞ കുട്ടികൾ നബി(സ)തിരുമേനിയോടുള്ള താൽപര്യംകൊണ്ട് കൂടെ വന്നിരുന്നു. അവരെ തിരിച്ചയച്ചു. സഅ്ദ് ബിൻ അബീ വഖാസിന്റെ ചെറിയ സഹോദരൻ ഉമയ്റിന് ചെറുപ്രായമായിരുന്നു. അദ്ദേഹം 'കുട്ടികൾ തിരിച്ചുപോകുക' എന്ന കല്പന കേട്ടപ്പോൾ സൈന്യത്തിൽ അവിടേയും ഇവിടേയും ഒളിച്ചുനിന്നു. അവസാനം അദ്ദേഹത്തിന്റെ ഊഴം വന്നു. നബി(സ)തിരുമേനി അദ്ദേഹത്തോടും തിരിച്ചുപോകാൻ കല്പിച്ചു. ഈ കല്പന കേട്ട് ഉമയ്ർ കരയാൻ തുടങ്ങി. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ അസാധാരണമായ അഭിനിവേശം കണ്ട് ബദ്റിൽ പങ്കെടുക്കാൻ അനുവാദം കൊടുത്തു.' (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ, പേജ് 353)

മറ്റൊരു ചരിത്രഗ്രന്ഥത്തിൽ അദ്ദേഹത്തെ കുറിച്ച് ഇങ്ങനെ പറയുന്നുണ്ട്: അംറ് ബിൻ സഅ്ദ് തന്റെ പിതാവിൽനിന്ന് രിവായത്ത് ചെയ്യുന്നു. നബി(സ)തിരുമേനി ബദ്റിലേക്ക് പുറപ്പെടുന്നതിനു മുമ്പേ ഞങ്ങളെ പരിശോധിക്കുകയായിരുന്നു. എന്റെ സഹോദരൻ ഉമയ്ർ ബിൻ അബീ വഖാസ് ഒളിച്ചുനടക്കുന്നത് ഞാൻ കണ്ടു. അപ്പോൾ ഞാൻ അവനോടു ചോദിച്ചു. 'സഹോദരാ! നിനക്കെന്താണ് പറ്റിയത്?' അവൻ പറഞ്ഞു: 'നബി(സ) തിരുമേനി എന്നെ കാണുമോ എന്നും ഞാൻ കുട്ടിയാണെന്ന് കരുതി എന്നെ തിരിച്ചയക്കുമോ എന്നും ഞാൻ ഭയപ്പെടുന്നു; ഞാൻ യുദ്ധത്തിനു പോകാനാഗ്രഹിക്കുന്നു; ഒരുപക്ഷേ അല്ലാഹു എനിക്ക് ശഹാദത്ത് നല്കും.' അദ്ദേഹത്തെ നബി(സ) തിരുമേനിയുടെ അടുത്തുകൊണ്ടുവന്നപ്പോൾ നബി(സ) തിരുമേനി ചെറിയ കുട്ടിയാണെന്ന് കണ്ട് തിരിച്ചയക്കാൻ കല്പിച്ചു. അപ്പോൾ ഉമയ്ർ കരയാൻ തുടങ്ങി. അതു കണ്ട് നബി(സ) തിരുമേനി യുദ്ധത്തിൽ പങ്കെടുക്കാൻ അനുവാദം നല്കി. (അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 3 പേജ് 79, ഉമയ്ർ ബിൻ അബീ വഖാസ്, പ്രസാധകർ ദാറുഅഹ്‌യാഉത്തുറാഥ് അൽഅറബി, ബേറൂത്ത് 1996)

അദ്ദേഹത്തിന്റെ വാളിന് നല്ല നീളമുണ്ടായിരുന്നു. ഒരു രിവായത്തിൽ വന്നിരിക്കുന്നു, നബി(സ) തിരുമേനി തന്റെ അനുഗൃഹീതകരം കൊണ്ട് അദ്ദേഹത്തിന്റെ വാളുറ പൂട്ടി. (അൽ ഇസ്വാബ ഫീ തമീസിസ്സ്വഹാബ വാല്യം 4, പേജ് 603, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2005) ഹദ്റത്ത് ഉമയ്ർ ബിൻ അബീ വഖാസ് ബദ്ർ യുദ്ധത്തിൽ ശഹീദായപ്പോൾ 16 വയസ്സായിരുന്നു. (അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 79, ഉമയ്ർ ബിൻ അബീ വഖാസ്, പ്രസാധകർ ദാറുഅഹ്‌യാ ഉത്തുറാഥ് അൽ അറബി, ബേറൂത്ത് 1996). 16 വയസ് എന്ന് പറഞ്ഞാൽ ഉയരവും കുറവായിരിക്കും. നബി(സ) തിരുമേനി പൊതുവെ കുട്ടികൾക്ക് യുദ്ധത്തിൽ അനുവാദം നല്കാറില്ലായിരുന്നു.

രണ്ടാമതായി ഞാൻ പറയാൻ പോകുന്നത് ഹദ്റത്ത് ഖുത്ബ ബിൻ ആമിർ എന്ന സ്വഹാബിയെ കുറിച്ചാണ്. ഇദ്ദേഹം അൻസ്വാരിയായിരുന്നു. ആമിർ ബിൻ ഹദീദായുടെ മകനായിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്ത് കാലത്താണ് അദ്ദേഹം വഫാത്തായത്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് സയ്നബ് ബിൻത് അംറ് എന്നായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയുടെ പേര് ഹദ്റത്ത് ഉമ്മു അംറ് എന്നായിരുന്നു. അതിൽ ഉമ്മു ജമീൽ എന്ന ഒരു മകളുണ്ടായിരുന്നു. ഒന്നാം അഖ്ബ ബയ്അത്തിലും രണ്ടാം അഖബ ബയ്അത്തിലും പങ്കെടുത്തിരുന്നു. നബി(സ)തിരുമേനിയിൽ മക്കയിൽ വിശ്വസിച്ച 6 സ്വഹാബിമാരിൽ പെട്ട ആളായിരുന്നു. അവർക്ക് മുമ്പേ അൻസ്വാരിൽപെട്ട ആരും മുസ്‌ലിമായിരുന്നില്ല.(അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 3 പേജ് 294, ഖുത്ബ ബിൻ ആമിർ, പ്രസാധകർ ദാറുഅഹ്‌യാ ഉത്തുറാഥ് അൽഅറബി, ബേറൂത്ത് 1996)

അദ്ദേഹം ഇസ്‌ലാംമതം സ്വീകരിച്ച സംഭവം സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

നബ്‌വി 11ലെ റജ്ബ് മാസത്തിൽ നബി(സ) മക്കയിൽ യഥ്‌രിബ്കാരുമായി അതായത് മദീനക്കാരുമായി വീണ്ടും കൂടിക്കാഴ്ച നടത്തി. നബി(സ)തിരുമേനി വംശവും കുടുംബവും ചോദിച്ചപ്പോൾ അവർ യഥ്‌രിബിൽനിന്ന് വന്ന ഖസ്റജ് ഗോത്രക്കാരാണെന്ന് മനസ്സിലായി. നബി(സ)തിരുമേനി അങ്ങേയറ്റം സ്നേഹത്തോടെ ചോദിച്ചു: 'ഞാൻ പറയുന്ന കുറച്ചു കാര്യങ്ങൾ നിങ്ങൾ കേൾക്കുമോ?' കേൾക്കാമെന്ന് അവർ പറഞ്ഞു. താങ്കളെന്താണ് പറയുന്നതെന്ന് അവർ ചോദിച്ചു. നബി(സ) തിരുമേനി ഇരുന്നു. അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. വിശുദ്ധഖുർആനിലെ കുറച്ച് വചനങ്ങൾ കേൾപ്പിച്ചുകൊണ്ട്, തന്റെ ദൗത്യത്തെക്കുറിച്ച് പറഞ്ഞു. അവർ പരസ്പരം നോക്കി. എന്നിട്ട് പറഞ്ഞു: 'ഇത് അവസരമാണ്. യഹൂദികൾ നമ്മെ മുൻകടക്കാൻ പാടില്ല.' ഇതുപറഞ്ഞ് അവരെല്ലാവരും ഇസ്‌ലാം സ്വീകരിച്ചു. ഇവർ ആറു പേരുണ്ടായിരുന്നു. ഇവരുടെ പേര് ഇപ്രകാരമാണ്. അബൂ ഉമാമ അസ്അദ് ബിൻ സുറാറ. ഇദ്ദേഹം ബനൂനജ്ജാറിൽനിന്നുള്ള ദേഹമായിരുന്നു. സാക്ഷ്യപ്പെടുത്തുന്നതിൽ ഏറ്റവും ആദ്യമായിരുന്നു. ഔഫ് ബിൻ ഹാരിഥ് ഇദ്ദേ

ഹവും ബനൂനജ്ജാറിൽപെട്ടയാളായിരുന്നു. അത് നബി(സ)തിരുമേനിയുടെ പിതാമഹനായ അബ്ദുൽ മുത്വലിബിന്റെ മാതാമഹിയുടെ ഗോത്രമായിരുന്നു. റാഫിഅ് ബിൻ മാലിക്. ഇദ്ദേഹം ബനൂ സുറയ്ഖിൽനിന്നുള്ള ആളായിരുന്നു. അതുവരെ ഇറങ്ങിയിരുന്ന വിശുദ്ധ ഖുർആൻ ആ അവസരത്തിൽ നബി(സ)തിരുമേനി അവർക്ക് നല്കി. ഖുത്വബ ബിൻ ആമിർ, ഇദ്ദേഹം ബനീസൽമായിൽപെട്ടയാളായിരുന്നു. ഉഖ്ബ ബിൻ ആമിർ ബനീ ഹറാമിൽപെട്ടയാളായിരുന്നു. ജാബിർ ബിൻ അബ്ദുല്ലാഹ് ബിൻ രിആബ്. അദ്ദേഹം ബനീ ഉബ്യിദിൽപെട്ടയാളായിരുന്നു. ഇതിനുശേഷം ഈയാളുകൾ നബി(സ)തിരുമേനിയുടെ അടുത്തനിന്ന് പോയി. പോകുമ്പോൾ പറഞ്ഞു: ‘ആഭ്യന്തരയുദ്ധം ഞങ്ങളെ ഒരുപാട് ബലഹീനരാക്കിയിരിക്കുന്നു. ഞങ്ങളിൽ പരസ്പരം അനൈക്യമാണുള്ളത്. ഞങ്ങൾ യഥ്രിബിൽ പോയി ഞങ്ങളുടെ സഹോദരന്മാരിൽ ഇസ്‌ലാം പ്രബോധിക്കും.’ എന്തൊരത്ഭുതമാണ്. അല്ലാഹു നബി(സ)തിരുമേനി മുഖേന ഞങ്ങളെ വീണ്ടും സംഘടിപ്പിക്കട്ടെ. പിന്നീട് ഞങ്ങൾ എല്ലാ രീതിയിലും നബി(സ)തിരുമേനിയെ സഹായിക്കാൻ തയ്യാറായി. അങ്ങനെ ഈ ആളുകൾ പോയി. അവർ കാരണത്താൽ യഥ്രിബിൽ ഇസ്‌ലാമിനെ കുറിച്ചുള്ള ചർച്ച തുടങ്ങി. (സീറത്തുഖാത്തമുന്നബിയ്യിൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ. പേജ് 221–222).

ഇസ്‌ലാം വന്ന് ഭിന്നിപ്പുണ്ടാക്കി എന്നാണ് പറയപ്പെടുന്നത്. ഇസ്‌ലാം കാരണത്താൽ പരസ്പരമുള്ള കലഹവും ഭിന്നിപ്പും അവസാനിക്കുന്നു എന്ന് പ്രകടനമാണ് അവർ കാഴ്ചവെച്ചത്. അവിടെ പരസ്പരം ശത്രുതയിലായിരുന്നവർ സഹോദരന്മാരായിത്തീർന്നു. കഴിഞ്ഞ ഖുത്ബയിലും ഞാനൊന്നു പറഞ്ഞിരുന്നു. അവർ പരസ്പരം സഹോദരന്മാരായത് ശത്രുക്കളുടെ കണ്ണിൽ വലിയ അപ്രിയമായിരുന്നു. ഇക്കാരണത്താൽ അവർ ഭിന്നിപ്പുണ്ടാക്കാൻ ശ്രമിച്ചു. പക്ഷേ, നബി(സ) തിരുമേനി പിന്നീട് മനസ്സിലാക്കിക്കൊടുക്കുകയും അവിടത്തെ ദിവ്യശക്തി കൊണ്ട് ഒരു സാഹോദര്യബന്ധത്തിന്റെ അന്തരീക്ഷം വീണ്ടും സംജാതമാകുകയും ചെയ്തു.

നബി(സ)തിരുമേനിയുടെ സ്വഹാബാക്കളിൽ ഹദ്റത്ത് ഖുത്ബ ഗണിക്കപ്പെടുന്നത് വില്ലാളി വീരന്മാരിലാണ്. അദ്ദേഹം ബദ്ർ യുദ്ധത്തിലും ഉഹുദ് ഖൻദക് തുടങ്ങി മറ്റു യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഉഹുദു യുദ്ധത്തിൽ അവിടന്ന് പൗരുഷത്തോടെ പോരാടി. അന്ന് അദ്ദേഹത്തിന് പരിക്കേറ്റു. മക്ക വിജയത്തിന്റെ അവസരത്തിൽ ബനൂ സൽമയുടെ പതാക അദ്ദേഹത്തിന്റെ കൈയിലായിരുന്നു.

ബദ്ർ യുദ്ധത്തിൽ ഹദ്റത്ത് ഖുത്ബയുടെ ദൃഢനിശ്ചയത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ, അവിടന്ന് രണ്ടണികൾക്കിടയിൽ ഒരു കല്ലുവെച്ചു. എന്നിട്ടു പറഞ്ഞു. ‘ഈ കല്ല് ഓടാത്തിടത്തോളം ഞാനും ഓടുകയില്ല.’ തന്റെ ജീവൻ പോകുന്നെങ്കിൽ പോകട്ടെ, യുദ്ധമൈതാനം താൻ ഉപേക്ഷിച്ച് പോകുകയില്ലന്ന നിബന്ധന വെക്കുകയായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ സഹോദരനായിരുന്നു യസീദ് ബിൻ ആമിർ. അദ്ദേഹം 70 അൻസ്വാരിനോടൊപ്പം അഖബായിൽ പങ്കെടുത്തയാളാണ്. ഹദ്റത്ത് യസീദ് ബദ്റിലും ഉഹുദിലും പങ്കെടുത്തു. അദ്ദേഹത്തിന്റെ സന്താനങ്ങൾ മദീനയിലും ബഗ്ദാദിലുമുണ്ടായിരുന്നു. (അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 294, ഖുത്ബ ബിൻ ആമിർ വഅഖൂഹു യസീദ് ബിൻ ആമിർ, പ്രസാധകർ ദാറുഅഹ്യാ ഉത്തുറാഥ് അൽഅറബി, ബേറൂത്ത് 1996).

അബൂ ഹാത്തിം രിവായത്ത് ചെയ്യുന്നു. ഹദ്റത്ത് ഖുത്ബ ബിൻ ആമിർ ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്താണ് വഫാത്തായത്. എന്നാൽ, ഇബ്നു ഹബ്ബാൻ പറയുന്നത് ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്തുകാലത്ത് വഫാത്തായി എന്നാണ്. (അൽ ഇസ്വാബ ഫീ തമീസിസ്സ്വഹാബ വാല്യം 5, പേജ് 338, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2005)

മൂന്നാമതായി ഞാൻ പറയാൻ പോകുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് ശുജാഅ് ബിൻ വഹബാണ്. അദ്ദേഹം വഹബ് ബിൻ റബീആയുടെ മകനായിരുന്നു. അദ്ദേഹത്തിന്റെ വഫാത്ത് യമാമ യുദ്ധത്തിലായിരുന്നു. അദ്ദേഹത്തെ ശുജാഅ് ബിൻ അബീ വഹബ് എന്നും പറയാറുണ്ട്. അവിടത്തെ കുടുംബം ബനൂ അബ്ദി ശംസിന്റെ സഖ്യകക്ഷിയായിരുന്നു. അദ്ദേഹം നല്ല ഉയരമുള്ളതും മെല്ലിച്ച ശരീരമുള്ളതും ഇടതിങ്ങിയ മുടിയുള്ള വ്യക്തിയുമായിരുന്നു. മഹാത്മാക്കളായ സ്വഹാബാക്കളിലാണ് ഹദ്റത്ത് ശുജാഅ് ഗണിക്കപ്പെടുന്നത്. അദ്ദേഹം ആരംഭകാലത്തുതന്നെ നബി(സ)തിരുമേനിക്ക് ലബ്ബൈക്ക് പറഞ്ഞിരുന്നു. നബി(സ)തിരുമേനിയുടെ നിയോഗത്തിന് ആറു വർഷത്തിനുശേഷം നബി(സ)തിരുമേനിയുടെ ഹബ്ശയിലേക്ക് ഹിജ്റ ചെയ്ത മാതൃകാപുരുഷന്മാരുടെ രണ്ടാമത്തെ സംഘത്തിൽ പങ്കെടുത്ത് ഹബ്ശയിലേക്ക് പോയി. കുറച്ചുകാലത്തിനുശേഷം മക്കക്കാർ എല്ലാവരും മുസ്‌ലിംകളായി എന്ന കിംവദന്തി കേട്ട് ഹദ്റത്ത് ശുജാഅ് ഹബ്ശയിൽനിന്ന് മക്കയിൽ വന്നു. പിന്നീട് നബി(സ)തിരുമേനി ആദരണീയരായ സ്വഹാബത്തിന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്യാൻ അനുവാദം നല്കിയപ്പോൾ ശുജാഉം തന്റെ സഹോദരൻ ഉഖ്ബ ബിൻ വഹബിനോടൊപ്പം മക്കമണ്ണിനോട് വിടപറഞ്ഞ് മദീനയിലേക്ക് പോയി. നബി(സ)തിരുമേനി ഹദ്റത്ത് ഔസ് ബിൻ ഖൗലിയെ ഹദ്റത്ത് ശുജാഇന്റെ ദീനീ സഹോദരനാക്കി. ഹദ്റത്ത് ശുജാഅ്ബദ്ർ, ഉഹുദ്, ഖൻദക്ക്, ഉൾപ്പെട്ട എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പമുണ്ടായിരുന്നു. 40 വർഷത്തിനുമീതെ പ്രായമായി യമാമ യുദ്ധത്തിൽ അദ്ദേഹം ശഹീദായി. (അസദുൽഗാബ, വാല്യം 2, പേജ് 370, ശുജാഅ് ബിൻ വഹബ് പ്രസാധകർ ദാരുൽ കുതുബുൽ ബിൽനിയ്യ ബേറൂത്ത്)

ഹുദയ്ബിയ്യ യുദ്ധത്തിൽനിന്ന് മടങ്ങിവന്നതിനുശേഷം നബി(സ)തിരുമേനി ലോകത്തെ മിക്ക രാജാക്കന്മാരേയും ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തെഴുതിയിരുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻ(റ) രിവായത്ത് ചെയ്യുന്നു. നബി(സ) തിരുമേനി ഒരു ദിവസം മിമ്പറിൽ ഖുത്ബ കൊടുക്കാൻ കയറി. സ്തുതി വചനങ്ങൾ ചൊല്ലിയതിനുശേഷം അവിടന്ന് പറഞ്ഞു: ‘ഞാൻ നിങ്ങളിൽ ചിലരെ അനറബികളായ രാജാക്കന്മാരുടെ അടുത്തേക്ക് അയക്കാനാഗ്രഹിക്കുന്നു. ബനൂ ഇസ്റായേൽ ഈസായോടു ചെയ്തതുപോലെ നിങ്ങൾ എന്നോടു ഭിന്നിക്കരുത്. മുഹാജിരീൻ(മക്കയിൽനിന്ന് മദീനയിലേക്ക് ഹിജറ ചെയ്തുവന്നവർ) പറഞ്ഞു: ‘യാ റസൂലല്ലാഹ്! ഞങ്ങൾ ഒരിക്കലും അങ്ങയോട് എതിർപ്പ് പ്രകടിപ്പിക്കുകയില്ല. അങ്ങ് ഞങ്ങളെ അയച്ചാലും!’ (സീറത്തു ഇബ്നു കഥീർ, പേജ് 421, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 2005)

അങ്ങനെ ഏതൊരു സ്വഹാബത്തിനാണോ ഈ ദീനീപരമായ നടപടിയിൽ പങ്കെടുക്കാൻ ഭാഗ്യം കിട്ടിയത് അവരിൽ ഹദ്റത്ത് ശുജാഅ് ബിൻ വഹബും ഉൾപ്പെട്ടിരുന്നു. നബി(സ)തിരുമേനി, ദിമിശ്ഖിന്റെ അടുത്തുള്ള ഗോത്വ എന്ന സ്ഥലത്തെ ഭരണാധികാരിയായിരുന്ന ഹാരിഥ് ബിൻ അബീ ശിംറു ഗസ്സാനിലേക്ക് ഹദ്റത്ത് ശുജാഇനെയാണ് അമ്പാസിഡറാക്കി അയച്ചത്. ചിലരുടെ പക്കൽ അദ്ദേഹത്തിന്റെ പേര് മുൻദിർ ബിൻ ഹാരിഥ് ബിൻ അബീ ശിംറ് ഗസ്സാനി എന്നായിരുന്നു. നബി(സ)തിരുമേനി തബ്‌ലീഗ് ചെയ്തുകൊണ്ട് അയച്ച കത്തിന്റെ തുടക്കം ഇങ്ങനെയായിരുന്നു:

ബിസ്മില്ലാഹിർറഹ്മാനിർറഹീം– മിൻ മുഹമ്മദിൻർറസൂലില്ലാഹി(സ)ഇലൽ ഹാരിഥിബ്നി അബീ ശിംറ്–സലാമുൻ അലാ മനിത്ത്ബഅൽഹുദാ– വ ആമന ബില്ലാഹി വ സ്വദ്ദഖ ഫ ഇന്നീ അദ്ഊക്ക ഇലാ അൻതുഅ്മിന ബില്ലാഹി വഹ്ദഹൂ ലാ ശരീക്കലഹൂ യബ്ഖാ ലക്ക മുൽക്കുക്ക (ശർഹ് സർഖാനീ, വാല്യം 5, പേജ് 46, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996) (ഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാല്യം 3, പേജ് 256, ശുജാഅ് ബിൻ വഹബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)

അല്ലാഹുവിന്റെ ദൂതൻ മുഹമ്മദിൽനിന്ന്, ഹാരിഥ് ബിൻ അബീ ശിംറിന്, സന്മാർഗത്തെ പിൻപറ്റുന്നവരുടെമേൽ സമാധാനം. അല്ലാഹുവിൽ വിശ്വസിക്കുക, സാക്ഷ്യപ്പെടുത്തുക. ഏകനും പങ്കുകാരനില്ലാത്തവനുമായ ദൈവത്തിലേക്ക് ഞാൻ താങ്കളെ ക്ഷണിക്കുന്നു. ഈ രീതിയിൽ താങ്കളുടെ ഭരണാധികാരം നിലനില്ക്കുന്നതാണ്.

ഹദ്റത്ത് ശുജാഅ് പറയുന്നു: ഞാൻ കത്തുമായി പുറപ്പെട്ടു. അങ്ങനെ ഹാരിഥ് ബിൻ അബീശിംറയുടെ കൊട്ടാരത്തിന്റെ കവാടത്തിലെത്തി. രണ്ടുമൂന്ന് ദിവസം കഴിഞ്ഞു. എന്നാൽ, അവിടെ ദർബാറിലെത്താൻ കഴിഞ്ഞില്ല. അവസാനം ഞാൻ അവിടെത്തെ സെക്യൂരിറ്റിയുടെ ഇൻചാർജിനോടു പറഞ്ഞു: ‘ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ ദൂതനെന്ന നിലയിലാണ് ഇദ്ദേഹത്തിന്റെ അടുത്തുവന്നിട്ടുള്ളത്.’ അയാൾ പറഞ്ഞു: ‘ഭരണാധിപൻ ഇന്ന ദിവസമേ വെളിയിൽ വരാറുള്ളൂ. അതിനു മുമ്പേ താങ്കൾക്കെങ്ങനെയാണ് അദ്ദേഹത്തെ കാണാൻ കഴിയുക?’ ശുജാഅ് പറയുന്നു: പിന്നീട് അയാൾ നബി(സ) തിരുമേനിയേയും അദ്ദേഹത്തിന്റെ ക്ഷണത്തേയും സംബന്ധിച്ച് ചോദിച്ചു തുടങ്ങി. ഞാൻ അയാ

“ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക.”
(ഖുത്ബ ജുമുഅ, 2017 മെയ് 5)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

“ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്.”
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)

ളോട് വിശദീകരിച്ചുകൊണ്ടിരുന്നപ്പോൾ അയാളുടെ മനസ്സിനെ അത് സ്വാധീനിക്കാനും അയാൾ കരയാനും തുടങ്ങി. അതായത് ആ പ്രദേശത്തെ രാജാവെന്നോ ഗവർണർ എന്നോ ഭരണാധികാരിയെന്നോ എന്തു വേണമെങ്കിലും പറയാവുന്ന വ്യക്തിയുടെ സെക്യൂരിറ്റി കരയാൻ തുടങ്ങി. അയാൾ പറഞ്ഞു: 'ഞാൻ ഇഞ്ചീലിൽ വായിച്ചിരുന്നു; ആ നബിയുടെ വിശദീകരണം പറഞ്ഞതുപോലെ അതിലുണ്ട്. എന്നാൽ, അദ്ദേഹം ശാം ദേശത്ത് വെളിപ്പെടുമെന്നാണ് ഞാൻ കരുതിയത്. എന്നാൽ, ഇപ്പോൾ മനസ്സിലായി അദ്ദേഹം ഖർള് ദേശത്ത് അതായത് യമൻ ദേശത്ത് വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്ന്. എന്തായാലും ഞാൻ അദ്ദേഹത്തിൽ വിശ്വസിക്കുന്നു.' ആ സെക്യൂരിറ്റി ഇൻചാർജ്ജ് പറഞ്ഞു: 'ഞാൻ അദ്ദേഹത്തെ വിശ്വസിക്കുന്നു, സാക്ഷ്യപ്പെടുത്തുന്നു. ഞാൻ ഹാരിഥ് ബിൻ അബീ ശിംറ എന്നെ കൊല്ലുമോ എന്ന് ഭയപ്പെടുന്നുമുണ്ട്.' ഈ പ്രദേശത്തെ ഭരണാധികാരി തന്നെ കൊന്നുകളയുമെന്നും അദ്ദേഹം വെളിപ്പെടുത്തി. ശുജാഅ് പറയുന്നു:'അതിനുശേഷം ഈ കാവൽക്കാരൻ എന്നെ ഒരുപാട് ആദരിക്കാൻ തുടങ്ങി. ഏറ്റവും മെച്ചപ്പെട്ടനിലയിൽ എന്നെ സൽക്കരിക്കാനും തുടങ്ങി. ഹാരിഥിനെ സംബന്ധിച്ചും അയാൾ എന്നോടു പറഞ്ഞുകൊണ്ടിരുന്നു. അയാളെ സംബന്ധിച്ച് നിരാശ വെളിപ്പെടുത്തി.' ശുജാഅ്(റ)പറയുന്നു: ഹാരിഥ് ബിൻ അബീ ശിംറ് യഥാർഥത്തിൽ ഖയ്സ്വർ രാജാവിനെ ഭയപ്പെടുകയാണ്. കാരണം ഇദ്ദേഹം അദ്ദേഹത്തിന്റെ കീഴിലാണ്. അവസാനം ഒരു ദിവസം ഹാരിഥ് വെളിയിൽവന്നു. ദർബാറിൽ വന്നിരുന്നു. അയാളുടെ തലയിൽ കിരീടമുണ്ടായിരുന്നു. പിന്നീട് എനിക്ക് ഹാജരാകാൻ അനുവാദം കിട്ടി. ഞാൻ അയാളുടെ അടുത്തെത്തുകയും നബി(സ)തിരുമേനിയുടെ കത്ത് അയാളെ ഏല്പിക്കുകയും ചെയ്തു. അയാൾ ആ കത്ത് വായിക്കുകയും, പിന്നീട് വലിച്ചെറിയുകയും ചെയ്തു. കോപാകുലനായി അയാൾ പറഞ്ഞു: 'എന്നിൽനിന്ന് എന്റെ അധികാരം തട്ടിപ്പറിച്ചെടുക്കാൻ ആരാണുള്ളത്? ഞാൻ നേരെ അയാളുടെ അടുത്തേക്ക് പോകുകയാണ്; യമനിലാണെങ്കിലും വേണ്ടില്ല. ഞാൻ അവിടെ അയാളുടെയടുക്കൽ ശിക്ഷ കൊടുക്കുന്നതിനെത്തുന്നതാണ്; സൈന്യത്തെ തയ്യാറാക്കുക.' അയാൾ തന്റെ ഭരണാധികാരികൾക്ക് സൈന്യത്തെ തയ്യാറാക്കാൻ കല്പന കൊടുത്തു. അതായത് നബി(സ)തിരുമേനിയെകുറിച്ച് പറഞ്ഞു, ഞാൻ എനിക്ക് കത്തെഴുതുകയും എന്നെ ഭീഷണിപ്പെടുത്തുകയും–താങ്കൾ പിന്മാറുന്നില്ലെങ്കിൽ താങ്കളുടെ ഭരണം തട്ടിയെടുക്കപ്പെടും– ചെയ്ത ആളുടെയടുക്കൽ പോകുകയും ശിക്ഷിക്കുകയും ചെയ്യുമെന്ന്! ശുജാഅ് പറയുന്നു: ഇതിനുശേഷം ഹാരിഥ് ബിൻ അബീ ശിംറ് രാത്രിവരെ അവിടെ ഇരുന്നു. ജനങ്ങൾ അദ്ദേഹത്തിന്റെ മുമ്പിൽ വന്നുകൊണ്ടിരുന്നു. പിന്നീട് അയാൾ കുതിരസവാരി തയ്യാറാക്കാൻ കല്പിച്ചു. എന്നോടു പറഞ്ഞു: 'നിന്റെ യജമാനനോടു ഇവിടെത്തെ അവസ്ഥയും പറയണം.' അതുകഴിഞ്ഞ് അയാൾ നബി(സ)തിരുമേനിയുടെ കത്തിലെ എല്ലാ സംഭവങ്ങളും എഴുതി റോമാ രാജാവിനെത്തിക്കാൻ തന്റെ ദൂതനെ അയച്ചു. ഇപ്രകാരം ഈ പ്രതിനിധി എന്നെ ഇസ്‌ലാമിനെ കുറിച്ച് പ്രബോധനം ചെയ്യാൻ വന്നിരിക്കുന്നുവെന്ന് എഴുതിയറിയിച്ചു. ഹാരിഥ് ബിൻ അബീ ശിംറയുടെ ഈ കത്ത് ഖയ്സ്വറിന്റെ അടുക്കലെത്തിയത്, നബി(സ) തിരുമേനിയുടെ കത്ത് ഹദ്റത്ത് വഹ്‌യത്തുൽ കൽബീയുടെ കൈയിലുണ്ടായിരുന്ന ഖയ്സ്വറിന്റെ കത്ത് അദ്ദേഹത്തിന് എത്തിക്കഴിഞ്ഞപ്പോഴാണ്. ഹാരിഥിന്റെ കത്ത് വായിച്ചതിനുശേഷം ഖയ്സ്വർ അദ്ദേഹത്തിനെഴുതി: 'ഈ നബിയുടെമേൽ ആക്രമണം നടത്താനുള്ള തീരുമാനം ഉപേക്ഷിക്കുക. അദ്ദേഹവുമായി കുഴപ്പമുണ്ടാക്കരുത്.' എന്തായാലും ഖയ്സ്വറിന്റെ ഈ മറുപടി കത്ത് ഹാരിഥിനു കിട്ടിയപ്പോൾ, അവിടെ ഇരുന്നിരുന്ന ശുജാഇനെ വിളിപ്പിച്ചു. താങ്കൾ എപ്പോഴാണ് തിരിച്ചുപോകാനാഗ്രഹിക്കുന്നതെന്ന് ചോദിച്ചു. ഹദ്റത്ത് ശുജാഅ് പറഞ്ഞു: നാളെ! രാജാവ് അപ്പോൾത്തന്നെ അദ്ദേഹത്തിന് 100 മിഥ്ഖാൽ സ്വർണം കൊടുത്ത് പോകാൻ കല്പിച്ചു. ആ കാവൽക്കാരൻ അദ്ദേഹത്തിന്റെ അടുക്കൽ വന്നു. അയാളും കുറച്ചു പണവും വസ്ത്രവും അദ്ദേഹത്തിന് നല്കി. പിന്നീട് സെക്യൂരിറ്റി ഇൻചാർജ് പറഞ്ഞു: 'റസൂലുല്ലായുടെ സന്നിധിയിൽ എന്റെ സലാം പറയണം. ഞാൻ റസൂലുല്ലായുടെ ശിഷ്യനായികഴിഞ്ഞിരിക്കുന്നുവെന്നും പറയണം.' ഹദ്റത്ത് ശുജാഅ് പറയുന്നു: 'ഇതിനുശേഷം ഞാൻ നബി(സ) തിരുമേനിയുടെ അടുത്തെത്തിയപ്പോൾ, ഹാരിഥ് രാജാവിനെ കുറിച്ചുള്ള സകല വിവരണങ്ങളും നല്കി. നബി(സ) തിരുമേനി ആ എല്ലാ കാര്യങ്ങളും കേട്ട് പറഞ്ഞു: 'നാശമടഞ്ഞു!' അതായത് അയാളുടെ ഭരണം തകർന്നുപോയി. പിന്നീട് ഞാൻ അയാളുടെ രാജകൊട്ടാരത്തിലെ കാവൽക്കാരനായ മുർറിയുടെ സലാം എത്തിച്ചു. അയാൾ പറഞ്ഞതെല്ലാം നബി(സ) തിരുമേനിയോടു പറഞ്ഞു. അവിടന്ന് പറഞ്ഞു: 'അയാൾ സത്യം പറഞ്ഞു.' സീറത്തുൽ ഹൽബിയായിൽ ഈ എല്ലാ സംഭവങ്ങളും വിവരിച്ചിട്ടുണ്ട്. (അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 357–358, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2002)

ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ചരിത്രങ്ങളുടെ വിവിധ ഗ്രന്ഥങ്ങളെടുത്തുകൊണ്ട് പറഞ്ഞ കാര്യങ്ങളിൽ അധികമായ ചില കാര്യങ്ങളുമുണ്ട്. അദ്ദേഹം എഴുതുന്നു: 'അഞ്ചാമത്തെ തബ്‌ലീഗ് കത്ത് ഗസാൻ സർക്കാരിന്റെ ഭരണാധികാരി ഹാരിഥ് ബിൻ അബീശിംറയുടെ പേരിലാണ് എഴുതിയത്. അറേബ്യയോടു ചേർന്ന് വടക്കു ഭാഗത്താണ് ഗസ്സാന്റെ സ്റ്റേറ്റ് ഉള്ളത്. അതിലെ ഭരണാധികാരി ഖയ്സ്വറിന്റെ കീഴിലായിരുന്നു. ഹദ്റത്ത് ശുജാഅ് ബിൻ വഹബ് അവിടെ എത്തിയപ്പോൾ ഹാരിഥ് റോമിലെ രാജാവായ ഖയ്സ്വറിന്റെ വിജയാഘോഷത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയായിരുന്നു. അയാളുടെ വിജയത്തിന്റെ ആഘോഷമായിരുന്നു; അതിനുവേണ്ടി അവിടെത്തെ ഭരണാധികാരി തയ്യാറെടുപ്പ് നടത്തുകയായിരുന്നു. ഹാരിഥിനെ കാണുന്നതിനു മുമ്പേ ശുജാഅ് ബിൻ വഹബ് അദ്ദേഹത്തിന്റെ കാവൽക്കാരനെ കണ്ടു. അയാൾ നല്ലൊരു മനുഷ്യനായിരുന്നു. അയാൾ ശുജാഇന്റെ നാവിലൂടെ നബി(സ) തിരുമേനിയുടെ കാര്യങ്ങൾ കേട്ട് നബിയെ സത്യപ്പെടുത്തി. കുറച്ചു ദിവസത്തെ കാത്തിരിപ്പിനുശേഷം പറഞ്ഞ സംഭവങ്ങളെല്ലാം നടന്നു. ശുജാഅ് ബിൻ വഹബിന് ഗസ്സാൻരാജാവിന്റെ ദർബാറിലെത്താൻ കഴിഞ്ഞു. അദ്ദേഹം നബി(സ)തിരുമേനിയുടെ കത്ത് സമർപിച്ചു. ഹാരിഥ് കത്തു വായിച്ച് ദ്വേഷത്തോടെ വലിച്ചെറിഞ്ഞു. ദ്വേഷത്തോടെ വലിച്ചെറിഞ്ഞുവെന്ന് മാത്രമല്ല, പറഞ്ഞതുപോലെ ആക്രമിക്കുന്നതിനുവേണ്ടി സൈന്യത്തോടു തയ്യാറാകാനും പറഞ്ഞു. അതിന്നിടയിൽ അയാൾ ഖയ്സ്വറിനേയും വിവരം അറിയിച്ചു; യുദ്ധനടപടിക്ക് തയ്യാറാകുകയാണെന്നും പറഞ്ഞു. അപ്പോൾ ഖയ്സ്വർ പറഞ്ഞു: 'ആക്രമണം നടത്തേണ്ട. ദർബാറിൽ പങ്കെടുക്കുന്നതിന് ബയ്ത്തുൽ മുഖദ്ദസിൽ എന്റെ അടുത്തുവന്ന് എന്നെ കാണുക. ഖയ്സ്വർ ഭരണാധികാരിയെ വിളിപ്പിച്ചു, എന്തായാലും അയാളുടെ കാര്യം അങ്ങനെ അവിടെ അവസാനിച്ചു. ഹദീഥുകളിൽനിന്നും ചരിത്രങ്ങളിൽനിന്നും മനസ്സിലാകുന്നത്, നബി(സ) തിരുമേനിയുടെ സ്വഹാബിക്ക് ശിംറ് കൊടുത്ത മറുപടി കാരണത്താൽ ഗസ്സാൻ ഗോത്രങ്ങൾ മുസ്‌ലിംകൾക്കെതിരിൽ എപ്പോഴാണ് ആക്രമണം നടത്തുക എന്ന ആശങ്ക മദീനയിൽ കുറച്ചുകാലംവരെ നിലനിന്നുവെന്നാണ്. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) എം.എ, പേജ് 828, 829)

ഹിജ്റ 8 റബീഉൽ അവ്വൽ മാസത്തിൽ നബി(സ)തിരുമേനിക്ക് ഹവാസൻ ഗോത്രത്തിന്റെ ഒരു ശാഖയായ ബനൂ ആമിർ മുസ്‌ലിംകൾക്കെതിരിൽ യുദ്ധത്തിനു തയ്യാറെടുക്കുന്നുവെന്ന വിവരം കിട്ടി. നബി(സ)തിരുമേനി ഹദ്റത്ത് ശുജാഇനെ 24 ധർമഭടന്മാരെ നല്കി അവരെ പരാജയപ്പെടുത്താൻ നിയമിച്ചു, അവർ മദീനയെ ആക്രമിക്കാൻ തയ്യാറെടുപ്പു നടത്തുകയായിരുന്നു. ആ നേരത്ത് ബനൂ ആമിറിലെ ആളുകൾ, മദീനയിൽനിന്ന് അഞ്ചുരാത്രി ദൂരത്ത് മക്കയുടേയും ബസ്വറയുടേയും ഇടയ്ക്കുള്ള അസ്സീന്ന എന്ന സ്ഥലത്ത് താവളമടിച്ചിരിക്കുകയായിരുന്നു. ഹദ്റത്ത് ശുജാഅ്, ധർമഭടന്മാരോടൊപ്പം രാത്രിയിൽ യാത്ര ചെയ്യുകയും പകൽ ഒളിച്ചിരിക്കുകയുമായിരുന്നു. അങ്ങനെ അപ്രതീക്ഷിതമായി ബനൂ ആമിറിന്റെ തലയ്ക്കലെത്തി. മുസ്‌ലിംകളെ പെട്ടെന്ന് തങ്ങളുടെ തലയ്ക്കുമീതെ കണ്ടപ്പോൾ അവർ പരിഭ്രമിച്ചുപോയി; യുദ്ധത്തിന് തയ്യാറെടുപ്പ് നടത്താൻ പുറപ്പെട്ടിട്ടും സൈന്യത്തെ മുഴുവൻ തയ്യാറാക്കി നിറുത്തിയിട്ടും എല്ലാം ഉപേക്ഷിച്ച് ഓടിക്കളഞ്ഞു. ഹദ്റത്ത് ശുജാഅ് തന്റെ ധർമഭടന്മാരോട് അവരെ പിന്തുടരരുതെന്ന് കല്പിച്ചു. അവരെ പിന്തുടരേണ്ട ഒരാവശ്യവുമില്ല. ഗനീമത്ത് മുതലുകൾ, അതായത് അവർ ഉപേക്ഷിച്ചുപോയ ഒട്ടകങ്ങളേയും, ആടുകളേയും മദീനയിൽ കൊണ്ടുവന്നു. ഓരോ ധർമഭടനും, 15വീതം ഒട്ടകം

**കലാമുൽ ഇമാം:–**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:–**

**"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

കിട്ടിയെന്നതുതന്നെ ഗനീമത്തു മുതൽ എത്രയുണ്ടായിരുന്നുവെന്ന് സങ്കല്പിക്കാവുന്നതണ്; മറ്റു സാധനസാമഗ്രികൾ അതിനു പുറമെയും. (അത്വബഖാത്തുൽകുബ്റ, വാള്യം 2, പേജ് 313, ശുജാഅ്ബിൻ വഹബ്, പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബേറൂത്ത് 1996) അതായത് ആക്രമണം നടത്താൻ വന്നവർ സകല തയ്യാറെടുപ്പുകളോടും കൂടിയാണ് വന്നത്. യുദ്ധത്തിനുള്ള സകല സാധനസാമഗ്രികളും അവരുടെ പക്കലുണ്ടായിരുന്നു.

ഞാൻ അടുത്തതായി പറയാൻ പോകുന്നത്, ഹദ്റത്ത് ശമ്മാസ് ബിൻ ഉഥ്മാൻ(റ)നെ കുറിച്ചാണ്. ഇതിനു മുമ്പേയും ഇദ്ദേഹത്തെക്കുറിച്ച് ഹ്രസ്വമായി ഒരു ഖുത്ബയിൽ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ പിതാവായിരുന്നു ഉഥ്മാൻ ബിൻ ശുറയ്ദ്. ഹിജ്റ 3ൽ ഉഹുദു യുദ്ധത്തിലാണ് അദ്ദേഹം വഫാത്തായത്. അദ്ദേഹത്തിന്റെ പേര് ഉഥ്മാനെന്നായിരുന്നു. ശമ്മാസ് അദ്ദേഹത്തിന്റെ ഉപനാമവും ആയിരുന്നു. അദ്ദേഹത്തിന്റെ ഉപനാമത്തിലാണ് അദ്ദേഹം പ്രശസ്തനായത്. അദ്ദേഹം മഖ്സൂം ഗോത്രക്കാരനായിരുന്നു. ഇസ്‌ലാമിന്റെ പ്രാരംഭ കാലത്തുതന്നെ മുസ്‌ലിമായി. (അസദുൽഗാബ, വാള്യം 2, പേജ് 393–394, ശമ്മാസ് ബിൻ ഉഥ്മാൻ, പ്രസാധകർ ദാറുൽ ഫിക്റ് ബേറൂത്ത് 2003).

ഇബ്നു ഹിശാം ശമ്മാസ് ബിൻ ഉഥ്മാന്റെ പേര്, ശംനാസിന്റെ നാമത്തിനുള്ള കാരണം വിവരിച്ചുകൊണ്ടെഴുതി: ‘ശമ്മാസ്(റ)ന്റെ പേര്, ഉഥ്മാൻ എന്നാണ്. ശമ്മാസ് എന്നു പറയാൻ കാരണം, ക്രിസ്ത്യാനികളുടെ ഒരു മതനേതാവ്– അദ്ദേഹത്തെ ശമ്മാസ് എന്നാണ് വിളിച്ചിരുന്നത്– ജാഹിലിയ കാലഘട്ടത്തിൽ മക്കയിൽ വന്നു. ആ ക്രൈസ്തവ നേതാവ് വളരെ സൗന്ദര്യവാനായിരുന്നു. അയാളുടെ സൗന്ദര്യം കണ്ട് മക്കക്കാർ അത്ഭുതപ്പെട്ടു. ഉഥ്മാന്റെ മാതുലനായിരുന്ന ഉത്ബ ബിൻ റബീഅ. അദ്ദേഹം പറഞ്ഞു: ‘ഞാൻ ഈ ശമ്മാസിനെക്കാൾ സൗന്ദര്യവാനായ ഒരു ആൺകുട്ടിയെ നിങ്ങൾക്ക് കാണിച്ചുതരികയാണ്.’ പിന്നീട് തന്റെ സഹോദരീപുത്രൻ ഉഥ്മാനെ കൊണ്ടുവന്ന് കാണിച്ചു. ആ നേരം മുതലാണ് ആളുകൾ ഉഥ്മാനെ, ശമ്മാസ് എന്ന് വിളിക്കാൻ തുടങ്ങിയത്. ഹദ്റത്ത് ഉഥ്മാന്റെ പേര് ശമ്മാസ് എന്നാകാൻ മറ്റൊരു കാരണമുള്ളത് ഇതാണ്. അദ്ദേഹത്തിന്റെ നാമം ശമ്മാസ് എന്നായത് അദ്ദേഹത്തിന്റെ മുഖകമലത്തിന് ചെമപ്പും വെള്ളയും കലർന്ന് നിറമായിരുന്നു; അദ്ദേഹം സൂര്യനെപോലെ ആയിരുന്നുവെന്ന്! അതിനാൽ ഇക്കാരണംകൊണ്ട് ശമ്മാസിന്റെ നാമം അദ്ദേഹത്തിന്റെ യഥാർഥ നാമത്തിനു മുകളിലായി. (സീറത്തു ഇബ്നു ഹിശാം, പേജ് 462, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2001) (അൽമുൻതളിം ഫീ താരീഖിൽമുലൂക്കി വൽഉമം, വാള്യം 3, പേജ് 187)

ഹദ്റത്ത് ശമ്മാസ് ബിൻ ഉഥ്മാനും അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് സഫിയ ബിൻത് റബീആ ബിൻ അബ്ദുശംസും ഹബ്ശയിലേക്കുള്ള രണ്ടാം ഹിജ്റത്തിൽ ഉണ്ടായിരുന്നു. ഹദ്റത്ത് ശമ്മാസ് ബിൻ ഉഥ്മാൻ ഹബ്ശയിൽനിന്ന് തിരിച്ചുവന്ന് മദീനയിലേക്ക് ഹിജ്റ ചെയ്തു. ഹദ്റത്ത് ശമ്മാസ് ബിൻ ഉഥ്മാൻ മദീനയിലേക്ക് ഹിജ്റത്ത് ചെയ്തതിനുശേഷം ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദുൽ മുൻദിറിന്റെ വീട്ടിലാണ് താമസിച്ചത്. സഈദുബ്നു മുസയ്യബ് പറയുന്നു: ‘ഹദ്റത്ത് ശമ്മാസ് ബിൻ ഉഥ്മാൻ ഉഹുദു യുദ്ധത്തിൽ ശഹീദാകുന്നതുവരെ ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദുൽ മുൻദിറിന്റെ വീട്ടിലാണ് താമസിച്ചത്. ഹദ്റത്ത് നബി(സ) തിരുമേനി, ഹദ്റത്ത് ശമ്മാസ് ബിൻ ഉഥ്മാനേയും ഹദ്റത്ത് ഹൻളല ബിൻ അബീ ആമിറിനേയും സഹോദരന്മാരാക്കി. ഹദ്റത്ത് ശമ്മാസിന്റെ മകന്റെ പേര് ഹദ്റത്ത് അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു ഉമ്മു ഹബീബ് ബിൻത് സഈദ്. അവർ ആരംഭകാലത്ത് ഹിജ്റത്ത് ചെയ്ത മുസ്‌ലിം സ്ത്രീകളിൽപെട്ടവരായിരുന്നു. (അസദുൽഗാബ, വാള്യം 2, പേജ് 394, പ്രസാധകർ ദാറുൽ ഫിക്ർ ബേറൂത്ത് 2003) (സയ്റുസ്സഹാബ, വാള്യം 2, പേജ് 324, ശമ്മാസ് ബിൻ ഉഥ്മാൻ, പ്രസാധകർ ദാറുൽ ഇശാഅത്ത് കറാച്ചി) (അത്വബക്കാത്തുൽ കുബ്റ, വാള്യം 3, പേജ് 130, പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബേറൂത്ത് 1996)

ഹദ്റത്ത് ശമ്മാസ് ബിൻ ഉഥ്മാൻ ബദ്ർ യുദ്ധത്തിലും ഉഹുദു യുദ്ധത്തിലും പങ്കെടുത്തു. അദ്ദേഹം ഉഹുദുയുദ്ധത്തിൽ ധീരതയോടെ പോരാടി. നബി(സ) തിരുമേനി പറഞ്ഞു. “ഞാൻ ശമ്മാസ് ബിൻ ഉഥ്മാനെ പരിച പോലെ കണ്ടു. നബി(സ)തിരുമേനി വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ അവിടെയെല്ലാം ശമ്മാസിനെ കണ്ടിരുന്നു; അദ്ദേഹം ഉഹുദു യുദ്ധത്തിൽ തന്റെ വാളുകൊണ്ട് പ്രതിരോധിക്കുകയായിരുന്നു. അങ്ങനെ നബി(സ)തിരുമേനിക്ക് ബോധം നഷ്ടപ്പെട്ടു; അദ്ദേഹത്തിന്റെമേൽ ആക്രമണമുണ്ടായി, കല്ലേറുകൊണ്ടു. നബി(സ) തിരുമേനിയ്ക്ക് ചുറ്റും ഹദ്റത്ത് ശമ്മാസ്(റ) തന്നെ ഒരു പരിചയാക്കി നിറുത്തി; ആ അവസരത്തിൽ അദ്ദേഹത്തിന് ഗുരുതരമായി പരിക്കേറ്റു. അദ്ദേഹത്തെ അതേ അവസ്ഥയിൽ മദീനയിൽ എടുത്തുകൊണ്ടുവന്നു. അദ്ദേഹത്തിൽ കുറച്ചു ജീവൻ ബാക്കിയുണ്ടായിരുന്നു. ഹദ്റത്ത് ആയിശാ(റ)യുടെ വീട്ടിൽ അദ്ദേഹത്തെ കൊണ്ടുപോയി. ഹദ്റത്ത് ഉമ്മു സൽമ പറഞ്ഞു: ‘എന്റെ കൊച്ചാപ്പായുടെ മകനെ എന്റെയടുത്തല്ലാതെ മറ്റെവിടെയെങ്കിലും കൊണ്ടുപോകുമോ?’ നബി(സ) തിരുമേനി പറഞ്ഞു: ‘അദ്ദേഹത്തെ ഹദ്റത്ത് ഉമ്മുസൽമയുടെ വീട്ടിൽ എടുത്തുകൊണ്ടുപോകുക.’ അങ്ങനെ അദ്ദേഹത്തെ അവിടെ കൊണ്ടുപോയി. അവരുടെ വീട്ടിൽ അദ്ദേഹം വഫാത്തായി. ഉഹുദിൽനിന്ന് ഗുരുതരമായി പരിക്കേറ്റ് അവിടെ വന്നതായിരുന്നു. പിന്നീട് നബി(സ)തിരുമേനിയുടെ കല്പനയാൽ, ഹദ്റത്ത് ശമ്മാസിനെ ഉഹുദു സ്ഥലത്തുകൊണ്ടുപോയി. അതേ വസ്ത്രത്തിൽ ഖബ്റടക്കി. യുദ്ധത്തിനുശേഷം മുറിവേറ്റ അവസ്ഥയിൽ അദ്ദേഹത്തെ എടുത്തു മദീനയിൽ കൊണ്ടുവന്നപ്പോൾ ഒരു രാത്രിയും ഒരു പകലും അദ്ദേഹം ജീവിച്ചു. പറയപ്പെടുന്നു: അദ്ദേഹം ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്തിരുന്നില്ല. അങ്ങേയറ്റം ക്ഷീണാവസ്ഥയായിരുന്നു. എന്നല്ല അബോധാവസ്ഥയിലായിരുന്നു. ഹദ്റത്ത് ശമ്മാസ്(റ) വഫാത്ത് 34–ാമത്തെ വയസ്സിലായിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റ, വാള്യം 3, പേജ് 131, പ്രസാധകർ അഹ്യാത്തുറാഥ്, അൽ അറബി ബേറൂത്ത്, 1996)

സ്വഹാബി ഹദ്റത്ത് അബൂ അബ്സ ബിൻ ജബ്റിനെ കുറിച്ചാണ് ഇനി പറയുന്നത്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ജബ്ർ ബിൻ അംറ് എന്നായിരുന്നു. അദ്ദേഹത്തിന്റെ വഫാത്ത് ഹിജ്റ 34–ൽ 70–ാം വയസ്സിലായിരുന്നു. അദ്ദേഹത്തിന്റെ യഥാർഥ പേര് അബ്ദുർറഹ്മാൻ എന്നായിരുന്നു. സംജ്ഞാനാമമായിരുന്നു അബൂ അബ്സ്. അൻസ്വാർ ഗോത്രമായ ബനൂ ഹാരിഥയുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ജാഹിലായ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പേര് അബ്ദുൽ ഉസ്സ എന്നായിരുന്നു. നബി(സ) തിരുമേനിയാണ് അതു മാറ്റി അബ്ദുർറഹ്മാൻ എന്നിട്ടത്. ഉസ്സ അവരുടെ ബിംബത്തിന്റെ പേരായിരുന്നു. അതുകൊണ്ടാണ് അബ്ദുർ റഹ്മാൻ എന്നാക്കിയത്. അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം ബദ്ർ യുദ്ധം ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. കഅബ് ബിൻ അശ്റഫ് യഹൂദിയെ കൊലപ്പെടുത്തിയ സ്വഹാബാക്കളിൽ ഇദ്ദേഹവും പെടുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബ്സയേയും ഹദ്റത്ത് ഖുനയ്സിനേയും സഹോദരന്മാരാക്കി. ഹിജ്റ 34–ൽ 70–ാമത്തെ വയസ്സിൽ വഫാത്തായി. മക്കയിൽ അദ്ദേഹത്തിന് ധാരാളം മക്കളുണ്ടായിരുന്നു. ഹദ്റത്ത് ഉഥ്മാൻ(റ) ജനാസ നമസ്കരിപ്പിച്ചു. ജന്നത്തുൽ ബഖീയിൽ അദ്ദേഹത്തെ ഖബ്റടക്കി. (അസദുൽഗാബ, വാള്യം 5, പേജ് 204–205, പ്രസാധകർ ദാറുൽ ഫിക്ർ ബേറൂത്ത് 2003) (അൽഇസ്വാബ ഫീ തമീസിസ്സഹാബ വാള്യം 7, പേജ് 222, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005) (അത്ത്വബക്കാത്തുൽ കുബ്റാ, വാള്യം 3, പേജ് 238, പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽ അറബി, ബേറൂത്ത് 1996) ഹദ്റത്ത് അബൂ അബ്സ ബിൻ ജബ്റിനെക്കുറിച്ച് വന്നിരിക്കുന്നു. ഇസ്‌ലാം വരുന്നതിനു മുമ്പേയും അദ്ദേഹത്തിന് അറബി എഴുതാനറിയാമായിരുന്നു. വാസ്തവത്തിൽ അക്കാലത്ത് അറബി എഴുതുന്ന സമ്പ്രദായം വളരെ കുറവായിരുന്നു.

ഹദ്റത്ത് അബൂ അബ്സയും ഹദ്റത്ത് അബൂ ബുർദ ബിൻ നയ്യാറും ഇസ്‌ലാംമതം സ്വീകരിച്ചപ്പോൾ ഇരുവരും ബനൂഹാരിഥയുടെ ബിംബങ്ങളെ തകർത്തു. ഹദ്റത്ത് ഉമറും ഹദ്റത്ത് ഉഥ്മാനും അവരെ ജനങ്ങളിൽനിന്ന് സക്കാത്ത് പിരിക്കാൻ അയക്കാറുണ്ടായിരുന്നു. അതായത് ധനവകുപ്പും അവരുടെ കൈയിലായിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ, വാള്യം 3, പേജ് 238, പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽ അറബി ബേറൂത്ത് 1996)

നബ്വി കാലട്ടത്തിൽ ഹദ്റത്ത് അബൂ അബ്സയുടെ കാഴ്ച നഷ്ടപ്പെട്ടിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തിന് ഒരു ഊന്നുവടി കൊടുത്തുകൊണ്ടു പറഞ്ഞു. ഇതിൽനിന്ന് വെളിച്ചം

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: “ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)

## ഹദീസുന്നബ്വി(സ)

**നബി(സ) പറഞ്ഞു: “നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക.” (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)

കരസ്ഥമാക്കിക്കൊള്ളുക. അങ്ങനെ ആ വടി അദ്ദേഹത്തിനു മുമ്പിൽ വെളിച്ചം നല്കുമായിരുന്നു. (അൽഇസ്വാബ, ഫീ തമീസിസ്സഹാബ, വാള്യം 7, പേജ് 222, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005)

ഇതിന്റെ ഉദ്ദേശ്യം ഒന്ന് ഇതായിരിക്കാവുന്നതാണ്. നിന്റെ കൈയിൽ ഉണ്ടായിരിക്കുമ്പോൾ, അന്ധൻ തന്റെ വടി ഉപയോഗിക്കുന്നതുപോലെ നടക്കുമ്പോൾ ഈ ഊന്നുവടി സഹായം നല്കുന്നതായിരിക്കും. അതിൽനിന്ന് വെളിച്ചവും പുറപ്പെടുന്നുണ്ടായിരിക്കാം. ചിലപ്പോൾ രാത്രി നേരത്ത് കാഴ്ച കുറവാണെങ്കിൽ ഇതിൽനിന്ന് വെളിച്ചം പുറപ്പെടുമ്പോൾ നന്നായി കാണാൻ കഴിയും. ചില സ്വഹാബാക്കളെ കുറിച്ചും ഇങ്ങനെ രിവായത്ത് ലഭിക്കുന്നുണ്ട്. ചിലപ്പോൾ ഇരുട്ടത്ത് അവർ യാത്ര ചെയ്യുമായിരുന്നു. അപ്പോൾ അവരുടെ വടിയിൽനിന്ന് വെളിച്ചം പുറപ്പെട്ടിരുന്നു. (മുസനദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 4, പേജ് 693, ഹദീഥ് 13906 മുസ്നദ് അനസ് ബിൻ മാലിക്(റ) പ്രസാധകർ ആലമുൽകുതുബ് ബേറൂത്ത് 1998) എന്നു മാത്രമല്ല ഒരു രിവായത്ത് ഇങ്ങനെയുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂന്ന് സഖാക്കൾ യാത്ര ചെയ്യുകയായിരുന്നു. കൂരിരുട്ടായിരുന്നു. അവരുടെ മുമ്പിലും വെളിച്ചം മുമ്പേ മുമ്പേ നടക്കുന്ന ദൃശ്യം അല്ലാഹു കാണിച്ചുകൊടുത്തിരുന്നു. (കയശറ)

ഹദ്റത്ത് അബൂ അബ്ബസയുടെ ഒരു മകൻ രിവായത്ത് ചെയ്യുന്നു: നബി(സ)തിരുമേനിയുടെ പിന്നിൽനിന്ന് ഹദ്റത്ത് അബൂ അബ്ബസ നമസ്കരിക്കാറുണ്ടായിരുന്നു. പിന്നീട് തന്റെ ഗോത്രമായ ബനൂഹാരിഥയിലേക്ക് പോകാറുണ്ടായിരുന്നു. ഒരിക്കൽ ഒരു അന്ധകാരനിബിഢമായ രാത്രി– മഴയും ഉണ്ടായിരുന്നു– അദ്ദേഹം തന്റെ വീട്ടിലേക്ക് പോകുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ ഊന്നുവടിയിൽനിന്ന് വെളിച്ചം പുറപ്പെടാൻ തുടങ്ങി. അത് അദ്ദേഹത്തിന് വഴിയിൽ വെളിച്ചം നല്കി. (അൽമുസ്തദർക് അലസ്സ്വഹീഹയ്ൻ, വാള്യം 6, പേജ് 2028, ഹദീഥ് 5495 പ്രസാധകർ നസാറുൽ മുസ്തഫാ, അൽബാസ്)

അദ്ദേഹം രോഗിയായിരുന്നപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) കാണുന്നതിനുവേണ്ടി പോയി. അപ്പോൾ അദ്ദേഹം അബോധാവസ്ഥയിലായിരുന്നു. കുറച്ചു സുഖമായപ്പോൾ ഉഥ്മാൻ(റ) പറഞ്ഞു: താങ്കൾ താങ്കളെ ഏതവസ്ഥയിലാണ് കാണുന്നത്? നാം നമ്മുടെ അവസ്ഥ നല്ലതായി കാണുന്നു; ഒരു ഒട്ടകത്തിന്റെ കാലുകെട്ടുന്ന കയർ കളഞ്ഞുപോയത് ഒഴികെ. അത് എന്നിൽനിന്നും സക്കാത്ത് പിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നുണ്ടായ ഒരു തെറ്റുകൊണ്ടാണ് സംഭവിച്ചത്. ഇതുവരെ നമുക്ക് അതിൽനിന്ന് മോചനം കിട്ടിയിട്ടില്ല. (അത്ത്വബഖാത്തുൽ കുബ്റ, വാള്യം 3, പേജ് 238, പ്രസാധകർ ദാറു അഹ്യാ ഉത്തുറാഥ് അൽഅറബി ബേറൂത്ത് 1996)

ഇദ്ദേഹം സക്കാത്ത് പിരിക്കുന്നവരിൽപെട്ട യാളായിരുന്നു. ഞാൻ പറഞ്ഞതുപോലെ സക്കാത്ത് പിരിവിനും മറ്റും അദ്ദേഹത്തെ അയക്കാറുണ്ടായിരുന്നു. ഉത്തരവാദിത്വത്തിന്റേയും വിശ്വസ്തതയുടേയും നിലവാരമെന്തായിരുന്നുവെന്നാൽ, ഒട്ടകത്തെ കെട്ടുന്ന ഒരു കയർ അബദ്ധത്തിൽ കളഞ്ഞുപോയി. അക്കാരണത്താൽ ജീവിതത്തിന്റെ അവസാനംവരെ അസ്വസ്ഥനായിരുന്നു. മരണരോഗത്തിലും ചിന്ത, ആ കയർ പരലോകത്ത് തങ്ങൾക്ക് പരീക്ഷണമായിത്തീരുമോ എന്നതായിരുന്നു. അല്ലാഹുവിനോടുള്ള ഭയവും വിശ്വസ്തതയും ഇത്തരം നിലവാരത്തിലുള്ള ആളുകളായിരുന്നു അവർ.

ഹദ്റത്ത് അനസ്(റ)നിവേദനം. നബി(സ) തിരുമേനിയേക്കാൾ കൂടുതൽ വേഗത്തിൽ അസ്ർ നമസ്കാരം അനുഷ്ഠിക്കുന്ന മറ്റാരുമുണ്ടായിരുന്നില്ല. അതായത് സമയത്തിന്റെ അടിസ്ഥാനത്തിൽ ആദ്യനേരത്ത് അസ്ർ നമസ്കാരം അനുഷ്ഠിക്കുമായിരുന്നു. അൻസ്വാറിൽപെട്ട രണ്ടുപേരുണ്ടായിരുന്നു. അവരുടെ വീടായിരുന്നു മസ്ജിദ് നബ്വിയിൽനിന്ന് വളരെ അകലെ. ഒരാ ൾ ഹദ്റത്ത് അബൂലുബാബ ബിൻ അബ്ദുൽ മുൻദിറായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം ബനീ അംറ് ബിൻ ഔഫുമായിട്ടായിരുന്നു. രണ്ടാമത്തെയാൾ ഹദ്റത്ത് അബൂ അബ്ബസ ബിൻ ജബ്റായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം ബനൂഹാരിഥയുമായിട്ടായിരുന്നു. അബൂലുബാബയുടെ വീട് ഖുബായിലായിരുന്നു. ഹദ്റത്ത് അബൂഅബ്ബസയുടെ വീട് ബനൂഹാരിഥയിലായിരുന്നു. അത് രണ്ട് രണ്ടര മൈൽ അകലെയായിരുന്നു. ഇവർ രണ്ടുപേരും റസൂലുല്ലാഹി(സ)ന്റെ സ്വഹാബത്തിനോടൊപ്പം നമസ്കരിക്കുമായിരുന്നു. അവർ തങ്ങളുടെ ജനതയിൽ തിരിച്ചെത്തുമ്പോൾ അവർ അതുവരെ അവിടെ അസ്ർ നമസ്കരിച്ചിട്ടുണ്ടാകുകയില്ല. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 4, പേജ് 607, ഹദീഥ് 12516, പ്രസാധകർ ആലമുൽ കുതുബ് ബേറൂത്ത് 1998) അവരുടെ നടത്തത്തിന്റെ വേഗത്തിന്റെ നിലവാരവും മനസ്സിലായി. ദൂരം താണ്ടി നബി(സ) തിരുമേനിയുടെ പിന്നിൽ നമസ്കരിക്കാൻ വരാറുണ്ടായിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബസ രിവായത്ത് ചെയ്യുന്നു. റസൂലുല്ലാഹി(സ) പറഞ്ഞു: ആരാണോ തന്റെ കാല് അല്ലാഹുവിന്റെ വഴിയിൽ പൊടിപുരണ്ടതാക്കിയത് അല്ലാഹു അവനിൽ തീ നിഷിദ്ധമാക്കിയിരിക്കുന്നു. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 5, പേജ് 469, ഹദീഥ് 16031, പ്രസാധകർ ആലമുൽകുതുബ് ബേറൂത്ത് 1998) അതായത് അല്ലാഹുവിന്റെ വഴിയിൽ ജിഹാദ് ചെയ്യുന്നവർ അല്ലാഹുവിന്റെ തൃപ്തിയിൽ നടക്കുന്നവർ സ്വയം തങ്ങളെ ബുദ്ധിമുട്ടിൽ അകപ്പെടുത്തുന്നവർ അതിൽപെടുന്നു. ഇപ്രകാരംതന്നെ പ്രബോധനത്തിന് യാത്ര ചെയ്യുന്നവരും ദൂരത്തുനിന്ന് നമസ്കരിക്കാൻ മസ്ജിദിൽ വരുന്നവരുമെല്ലാം അതിൽപെടുന്നു. അവരുടെമേൽ അഗ്നി നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു.

ഹദ്റത്ത് അബൂ അഖീൽ ബിൻ അബ്ദില്ലാ അൻസ്വാരി എന്ന സ്വഹാബിയെ കുറിച്ചാണ് ഇനി പറയുന്നത്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദുല്ലാഹ് ബിൻ ഥഅ്ലബ എന്നായിരുന്നു. ഹിജറ 12–ൽ യമാമ യുദ്ധത്തിലാണ് അദ്ദേഹം വഫാത്തായത്. അദ്ദേഹത്തിന്റെ പേര് അബ്ദുർ റഹ്മാൻ ഇറാശീ ബിൻ അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹത്തിന്റെ പഴയ പേര് അബ്ദുൽ ഉസ്സ എന്നായിരുന്നു. ഇസ്‌ലാം സ്വീകരിച്ചതിനുശേഷം നബി(സ)തിരുമേനി അദ്ദേഹത്തിന്റെ പേര് അബ്ദുർറഹ്മാൻ എന്നു വച്ചു. അദ്ദേഹത്തിന്റെ ബന്ധം ബിക്കിഗോത്രത്തിന്റെ ഒരു ശാഖയായ ബനു ഉനയ്ഫുമായിട്ടായിരുന്നു. അദ്ദേഹം അൻസ്വാറിലെ കുടുംബമായ ജഹ്ജബാ ബിൻ കുൽഫയുടെ സഖ്യകക്ഷിയായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ അഖീൽ എന്നായിരുന്നു. ആ നാമത്തിൽ അദ്ദേഹം പ്രശസ്തനാണ്. ബദ്ർ, ഉഹുദ്, ഖൻ ദഖ് തുടങ്ങിയ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. ഹിജ്റ 12ൽ യമാമ യുദ്ധത്തിൽ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ ഖിലാഫത്ത് കാലത്ത് ശഹീദായി. (അത്ത്വബക്കാത്തുൽ കുബ്റ, വാള്യം 3, പേജ് 248–249, പ്രസാധകർ ദാറു അഹ്യാ ഉത്തുറാഥ് അൽഅറബി ബേറൂത്ത് 1996)

അദ്ദേഹം ഇസ്‌ലാം സ്വീകരിച്ച സംഭവം ഇങ്ങനെ വിവരിക്കപ്പെടുന്നു. നബി(സ)തിരുമേനി മക്കയിൽനിന്ന് ഹിജ്റ ചെയ്ത് മദീന മുനവ്വറയിലെത്തി. ഒരു ദിവസം ഒരു യുവാവ് നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി ഈമാൻ കൈക്കൊണ്ടതോടുകൂടി നബി(സ) തിരുമേനിയുടെ ബയ്അത്ത് ഭാഗ്യവും കരസ്ഥമാക്കി. ബിംബങ്ങളോട് കഠിനമായ വെറുപ്പ് പ്രകടിപ്പിച്ചു. ആ അവസരത്തിൽ നബി(സ) തിരുമേനി അദ്ദേഹത്തോടു ചോദിച്ചു: 'താങ്കളുടെ പേരെന്താണ്?' അബ്ദുൽ ഉസ്സ എന്ന് അദ്ദേഹം പറഞ്ഞു. നബി(സ) തിരുമേനി പറഞ്ഞു: 'അതല്ല. ഇന്നുമുതൽ താങ്കളുടെ പേര് അബ്ദുർ റഹ്മാനെന്നാണ്.' അദ്ദേഹം നബി(സ) തിരുമേനിയുടെ നിർദ്ദേശത്തിനു മുമ്പിൽ തലകുനിച്ചു. താൻ അബ്ദുൽ ഉസ്സ അല്ലെന്നും അബ്ദുർ റഹ്മാനാണെന്നും എല്ലാവരോടും പറഞ്ഞു. അദ്ദേഹത്തിന്റെ പൂർവികരിൽ ഇറാശ ബിൻ ആമിർ എന്നൊരാളുണ്ടായിരുന്നു. അതിന്റെ ബന്ധത്തിൽ അദ്ദേഹത്തെ ഇറാശീ എന്നും വിളിക്കാറുണ്ട്. (ആസ്മാൻ ഹിദായത്തിന്റെ സത്തർസിത്താരെ, ത്വാലിബെ ഹാശ്മി, പേജ് 491–492 പ്രസാധകർ അൽ ബദ്ർ പബ്ലിക്കേഷൻസ് ഉർദു ബാസാർ ലാഹോർ).

നബി(സ) തിരുമേനി സക്കാത്ത് കൊടുക്കാൻ കല്പിക്കുമ്പോൾ അത് പിരിക്കുന്നതിനുവേണ്ടി രാത്രി മുഴുവൻ പ്രവർത്തിച്ചിരുന്നവരായിരുന്നു അവർ. എന്തുകിട്ടിയാലും ധർമം ചെയ്യുമായിരുന്നു. ബുഖാരിയിൽ അദ്ദേഹത്തെ സംബന്ധിച്ച് വന്നിരിക്കുന്നു. ഹദ്റത്ത് അബൂ മസ്ഊദ്(റ) വിവരിക്കുന്നു. ഞങ്ങളോട് സ്വദഖ കൊടുക്കാൻ കല്പിക്കുമ്പോൾ ഞാൻ ജോലിക്ക് പോകുമായിരുന്നു. ഹദ്റത്ത് അബൂ അഖീൽ അര സാഅ് ഈത്തപ്പഴത്തിന്റെ വേതനത്തിന്റെ പണത്തിൽനിന്ന് കൊണ്ടുവന്നു. മറ്റൊരാൾ അദ്ദേഹത്തെക്കാൾ കൂടുതൽ കൊണ്ടുവന്നു. അപ്പോൾ കപടവിശ്വാസി പറയാൻ തുടങ്ങി. അല്ലാഹു ആ വ്യക്തിയുടെ സ്വദഖയ്ക്ക് ആശ്രിതനല്ല. സ്വദഖ കൊടുത്ത മറ്റെയാൾ കാണിക്കാൻ വേണ്ടി കൊടുത്തതാണ്. അപ്പോഴാണ് ഈ ആയത്തിറങ്ങിയത്. *അല്ലദീന യൽമിസൂനുൽ മുത്വവ്വിഈന മിനൽ മുഅ്മിനീന ഫിസ്സ്വദഖാത്തി വല്ലദീന ലായജിദൂന ഇല്ലാ ജുഹ്ദഹും* (9:79) സത്യവിശ്വാസികളിൽനിന്ന് ദാന ധർമങ്ങളിൽ സ്വമനസ്സാലെ പ്രവർത്തിക്കുന്നവരേയും തങ്ങളുടെ കഠിനാധ്വാനത്തിന്റെ സമ്പാദ്യമല്ലാതെ മറ്റൊന്നും ധാനം ചെയ്യാൻ കണ്ടെത്താത്തവരേയും ആക്ഷേപിക്കുന്നവരാണ് കപടവിശ്വാസികൾ. അങ്ങനെ അവർ ഇവരെ പരിഹസിക്കുകയും ചെയ്യുന്നു. അല്ലാഹു അവരുടെ പരിഹാസത്തിനുള്ള പ്രതിക്രിയ ചെയ്യുന്നതാണ്. അവർക്ക് വേദനാജനകമായ ശിക്ഷ വന്നെത്തുന്നതായിരിക്കും. (സ്വഹീഹ് ബുഖാരി, കിതാബുത്തഫ്സീർ, വാള്യം 10, പേജ് 371, ഹദീഥ് 4668, പ്രസാധകർ, നളാറത്ത് ഇശാഅത്ത് റബ്‌വ)

അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് അവരുടെ അത്ഭുതകരമായ ദൃശ്യങ്ങളാണുള്ളത്. എങ്ങനെയൊക്കെയാണ് ഇവർ പരിശ്രമിച്ചിരുന്നത് അവരുടെ ആ മതൃകകൾ സ്വീകരിച്ചുകൊണ്ട് അല്ലാഹു പിന്നീട് വരുന്നവർക്കും അവരുടെ ചുവടുകളിലൂടെ നടക്കാൻ ഉപദേശിച്ചു.

ഈ സംഭവത്തിന്റെ വിശദീകരണം അല്ലാമ ഇബ്നുഹജ്ർ അസ്ഖലാനീ ഇങ്ങനെ വിവരിക്കുന്നു: അവരെ സാഹിബുസ്സ്വാഅ് എന്നു വിളിക്കുന്നു. അതായത് ഹദ്റത്ത് അബൂ അഖീലിനെ സാഹിബുസ്സ്വാഅ് എന്നും വിളിക്കുന്നു.

സംഭവം ഏതാണ്ടിങ്ങനെയാണ്. ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫ് തന്റെ പകുതി സ്വത്ത് കൊണ്ടുവന്നു. അൻസാറിലെ ദരിദ്ര മുസ്ലിംകളിൽപെട്ട ഒരു വ്യക്തി അബൂ അഖീൽ മുന്നോട്ടുവന്നു പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞാൻ രണ്ടു സ്വാഅ് ഈത്തപ്പഴത്തിനു പകരം രാത്രി മുഴുവൻ കിണറിൽനിന്ന് വെള്ളം വലിച്ചുകയറ്റിക്കൊണ്ടിരുന്നു. ഒരു സ്വാഅ് ഞാൻ എന്റെ വീട്ടുകാർക്കു വേണ്ടി വെച്ചു. രണ്ടാമത്തെ സ്വാഅ് ഇതാണ്.' ചില നിവേദനങ്ങളിൽ ഒരു സ്വാഇൽനിന്ന് പകുതി കൊടുത്തതായും പറയുന്നുണ്ട്. അതായത് പകുതി ഞാൻ വീട്ടുകാർക്കു വേണ്ടിവെച്ചു. പകുതി കൊണ്ടുവന്നു. അപ്പോൾ കപടവിശ്വാസികൾ പറഞ്ഞു: അല്ലാഹുവും അവന്റെ റസൂലും അബൂ അഖീലിന്റെ സ്വാഇന് ആശ്രിതനല്ല. അല്ലാഹു പറഞ്ഞു: *അല്ലദീന യൽമിസൂനൽ മുത്വവ്വിഈന മിനൽ മുഅ്മിനീന ഫിസ്സദഖാത്തി വല്ലദീന ലാ യജിദൂന ഇല്ലാ ജുഹ്ദഹും* (9:79) സത്യവിശ്വാസികളിൽനിന്ന് ദാന ധർമങ്ങളിൽ സ്വമനസ്സാലെ പ്രവർത്തിക്കുന്നവരേയും തങ്ങളുടെ കഠിനാധ്വാനത്തിന്റെ സമ്പാദ്യമല്ലാതെ മറ്റൊന്നും ധാനം ചെയ്യാൻ കണ്ടെത്താത്തവരേയും ആക്ഷേപിക്കുന്നവരാണ് കപടവിശ്വാസികൾ. അങ്ങനെ അവർ ഇവരെ പരിഹസിക്കുകയും ചെയ്യുന്നു. അല്ലാഹു അവരുടെ പരിഹാസത്തിനുള്ള പ്രതിക്രിയ ചെയ്യുന്നതാണ്. (അൽഇസ്വാബ ഫീ തമീസിസ്സഹാബ, വാല്യം 7, പേജ് 233, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2005).

അദ്ദേഹം തന്നെയായിരുന്നു മുസയ്ലിമത്തുൽ കദ്ദാബിന്റെമേൽ അവസാനത്തെ വെട്ട് വെട്ടിയ അൻസാരി സ്വഹാബി. ഇബ്നു സഅ്ദ് പറയുന്നു: യമാമ യുദ്ധദിവസം മുസ്ലിംകളിൽ ഏറ്റവുമാദ്യം ഹദ്റത്ത് അബൂ അഖീൽ ഉനയ്ഫിനാണ് പരിക്കേറ്റത്. അദ്ദേഹത്തിന്റെ തോളുകൾക്കും ഹൃദയത്തിനുമിടയിൽ അമ്പേറ്റു. അമ്പ് വളഞ്ഞുപോയിരുന്നു. അതുകൊണ്ട് അദ്ദേഹം ശഹീദായി. പിന്നീട് ആ അമ്പ് പുറത്തെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഇടതുഭാഗത്ത് ആ അമ്പേറ്റ കാരണത്താൽ ബലക്ഷയമുണ്ടായി. ഇത് തുടക്കദിവസത്തിന്റെ കാര്യമാണ്. പിന്നീട് അദ്ദേഹത്തെ എടുത്ത് അദ്ദേഹത്തിന്റെ തമ്പിൽ കൊണ്ടുവന്നു. യുദ്ധം കൊടുമ്പിരികൊണ്ടപ്പോൾ, മുസ്ലിംകൾക്ക് പരാജയമുണ്ടായി. എത്രത്തോളമെന്നാൽ, മുസ്ലിംകൾ പിന്നോട്ടു മാറി തങ്ങളുടെ താമസസ്ഥലത്തിന്റേയും പിന്നിൽപോയി. അപ്പോൾ ഹദ്റത്ത് അബൂ അഖിൽ മുറിവേറ്റയാളായിരുന്നു. അദ്ദേഹം ഹദ്റത്ത് മഅൻ ബിൻ അദിയ്യുടെ വിളികേട്ടു. അദ്ദേഹം അൻസാറിനെ ഉച്ചത്തിൽ പോരാടുന്നതിന് പ്രോത്സാഹിപ്പിക്കുകയായിരുന്നു; അല്ലാഹുവിൽ വിശ്വസിക്കുക. അല്ലാഹുവിൽ വിശ്വസിക്കുക. നിങ്ങളുടെ ശത്രുവിന്റെമേൽ വീണ്ടും ആക്രമണം നടത്തുക. ഹദ്റത്ത് മഅൻ ആളുകളുടെ മുമ്പിൽ വേഗം നടക്കുകയായിരുന്നു. അൻസാറായ തങ്ങളെ മറ്റുള്ളവരിൽനിന്ന് മാറ്റുക എന്ന് അൻസാർ പറഞ്ഞുകൊണ്ടിരുന്ന സമയമായിരുന്നു അത്. അങ്ങനെ ഓരോരുത്തരായി അൻസാർ ഒരുഭാഗത്ത് സംഘടിച്ചു. ശക്തമായി ഒന്നിച്ച് ആക്രമണം നടത്തുക എന്നതായിരുന്നു ഉദ്ദേശ്യം; ധൈര്യത്തോടെ മുന്നോട്ടു കുതിക്കുക. ശത്രുക്കളുടെമേൽ ആക്രമണം നടത്തുകയും അതുമുഖേന എല്ലാ മുസ്ലിംകളുടേയും ചുവട് നല്ലവണ്ണം ഉറയ്ക്കുകയും ധൈര്യം വർധിക്കുകയും ചെയ്യും.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ പറയുന്നു; പിന്നീട് ഹദ്റത്ത് അബൂ അഖീൽ, അൻസാറിന്റെ അടുത്തുപോകാൻ എഴുന്നേറ്റു; മുറിവേറ്റ അവസ്ഥയിലായിരുന്നു. വളരെ ക്ഷീണിതനുമായിരുന്നു. പക്ഷേ, എഴുന്നേറ്റുനിന്നു. ഞാൻ പറഞ്ഞു: അബൂ അഖീലേ! താങ്കളെന്താണ് ആഗ്രഹിക്കുന്നത്? യുദ്ധം ചെയ്യാനുള്ള ശക്തി താങ്കളിൽ ഇല്ലതന്നെ. അദ്ദേഹം പറഞ്ഞു: ഈ വിളിച്ചുപറയുന്നയാൾ എന്റെ പേരെടുത്താണ് വിളിച്ചത്. ഞാൻ പറഞ്ഞു: അദ്ദേഹം അൻസാറിനെയാണ് വിളിക്കുന്നത്; പരിക്കേറ്റവരെയല്ല. യുദ്ധം ചെയ്യാൻ കഴിവുള്ളവരെയാണ് വിളിക്കുന്നത്. ഹദ്റത്ത് അബൂ അഖീൽ പറഞ്ഞു: അദ്ദേഹം അൻസാറിനെ വിളിച്ചു. ഞാൻ മുറിവേറ്റവനാണ്. പക്ഷേ, ഞാനും അൻസാരിൽപെട്ടവനാകുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ വിളിയനുസരിച്ച് ഞാൻ മുന്നിൽ ഇഴഞ്ഞുപോകേണ്ടിവന്നാലും പോകുന്നതായിരിക്കും. ഹദ്റത്ത് ഇബ്നു ഉമർ പറയുന്നു: ഹദ്റത്ത് അബൂ അഖീൽ തന്റെ അരമുറുക്കി തന്റെ വലതു കൈയിൽ നഗ്നമായ വാളെടുത്തു. അൻസാറേ! ഹുനൈൻ യുദ്ധത്തെപോലെ ശത്രുക്കളുടെമേൽ വീണ്ടും ആക്രമണം നടത്തുക എന്ന് വിളിച്ചുപറഞ്ഞു. അങ്ങനെ അൻസാർ സംഘടിച്ചു. അല്ലാഹു അവരുടെമേൽ കരുണ ചൊരിയുമാറാകട്ടെ. മുസ്ലിംകൾ വളരെ തന്റേടത്തോടുകൂടി ശത്രുക്കളുടെ നേരെ കുതിച്ചു; ശത്രുക്കൾ രണാങ്കണം വിട്ട് തോട്ടത്തിൽ കടക്കാൻ നിർബന്ധിതരായി. മുസ്ലിമും ശത്രുവും പരസ്പരം കടന്നാക്രമിച്ചു. ഞങ്ങളുടെയും അവരുടെയും ഇടയിൽ വാളുകൾ ചലിക്കാൻ തുടങ്ങി. ഹദ്റത്ത് ഇബ്നു ഉമർ പറയുന്നു: ഞാൻ ഹദ്റത്ത് അബൂ അഖീലിനെ കണ്ടു. അദ്ദേഹത്തിന്റെ മുറിവേറ്റ കൈ തോളിൽനിന്ന് മുറിഞ്ഞ് നിലത്തുവീണിരുന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ 14 മുറിവുണ്ടായിരുന്നു. അതിലെ ഓരോ മുറിവും ജീവനെടുക്കുന്നതായിരുന്നു. അല്ലാഹുവിന്റെ ശത്രു മുസയ്ലിമ വധിക്കപ്പെട്ടുകഴിഞ്ഞിരുന്നു. അയാളും അവിടെ കിടന്നിരുന്നു. ഹദ്റത്ത് അബൂ അഖീൽ മുറിവേറ്റ് മണ്ണിൽ വീണുകിടന്നു. അദ്ദേഹത്തിന്റെ അവസാനശ്വാസമായിരുന്നു. ഞാൻ കുനിഞ്ഞുകൊണ്ട് അദ്ദേഹത്തോടു പറഞ്ഞു:

“അബൂൽ അഖീലേ! അദ്ദേഹം പറഞ്ഞു. ലബ്ബൈക്ക്! ഞാനിതാ ഹാജരാണ്. വിറയ്ക്കുന്ന സ്വരത്തിൽ ചോദിച്ചു: ‘ആർക്കാണ് വിജയമുണ്ടായത്?’ ഞാൻ പറഞ്ഞു: മുസ്ലിംകൾക്ക് വിജയമുണ്ടായി. ഇതാണ് സന്തോഷവാർത്ത. ഞാൻ ഉറക്കെ പറഞ്ഞു: അല്ലാഹുവിന്റെ ശത്രു മുസ്യിലമത്തുൽ കദ്ദാബ് വധിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം അല്ലാഹുവിനെ വാഴ്ത്തിക്കൊണ്ട് ആകാശത്തേക്ക് വിരലുയർത്തി, മരിക്കുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന്റെമേൽ കരുണ ചൊരിയുമാറാകട്ടെ. ഹദ്റത്ത് ഇബ്നു ഉമർ(റ) പറയുന്നു: മദീനയിൽ തിരിച്ചെത്തിയതിനുശേഷം ഞാൻ ഹദ്റത്ത് ഉമറിനെ അദ്ദേഹത്തിന്റെ എല്ലാ കാര്യങ്ങളും അറിയിച്ചു. അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: അല്ലാഹു അദ്ദേഹത്തിനുമേൽ കരുണ ചൊരിയുമാറാകട്ടെ. അദ്ദേഹം എപ്പോഴും ശഹാദത്ത് ചോദിക്കാറുണ്ടായിരുന്നു. ഞാനറിയുന്നിടത്തോളം അദ്ദേഹം നബി(സ)തിരുമേനിയുടെ ഉത്തമരായ സ്വഹാബാക്കളിൽപ്പെട്ടയാളാണ്. ആദ്യഘട്ടത്തിൽ ഇസ്ലാം സ്വീകരിച്ചിരുന്നു.’ ഇത് ഹദ്റത്ത് ഉമർ(റ)ന്റെ വാക്കുകളാണ്. (അത്ത്വബക്കാത്തുൽ കുബ്റ, വാല്യം 3, പേജ് 249, പ്രസാധകർ ദാറുഅഹ്യാഉത്തുറാഥ് അൽ അറബി ബേറൂത്ത് 1996) (ഹയാത്തുസ്സഹാബ, മുഹമ്മദുയൂസുഫ് കാന്ധലവി, വാല്യം 1, പേജ് 801–803, പ്രസാധകർ മക്തബത്തുൽ ഇൽമ്, ലാഹോർ) അല്ലാഹു എല്ലാ സ്വഹാബാക്കളുടേയും ദർജകൾ ഉയർത്തുമാറാകട്ടെ.

നമസ്കാരത്തിനുശേഷം രണ്ട് ഗാഇബ് ജനാസ നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ ബംഗ്ലാദേശിലെ മുറബ്ബി മൗലാനാ അബ്ദുൽ അസീസ് സ്വാദിഖ് സാഹിബിന്റേതാണ്. 2018 ജൂലൈ 26ന് അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. നാലാം ക്ലാസിൽ പഠിക്കുന്നതിനിടയിൽ വിദ്യാഭ്യാസത്തിനായി ഇദ്ദേഹം ഖാദിയാനിലേക്ക് പോയി. ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളുടെ സഹവാസത്തിൽ വളരാൻ അദ്ദേഹത്തിന് അവസരം കിട്ടി. ഇന്ത്യാ വിഭാജനത്തിനുശേഷം വിദേശ വിദ്യാർഥികളോടു അവരവരുടെ രാജ്യത്തേക്ക് തിരിച്ചുപോകാൻ നിർദ്ദേശമുണ്ടായി. അപ്പോൾ അദ്ദേഹം ബംഗാളിൽ തിരിച്ചെത്തി. പക്ഷേ, കേന്ദ്രത്തിലേക്ക് മടങ്ങിവരാൻ അടക്കാനാവാത്ത ആഗ്രഹമായിരുന്നു. അപകടം നിറഞ്ഞ അവസ്ഥകളിൽ അദ്ദേഹം കൊൽക്കത്തയിൽനിന്ന് ഡൽഹിയിലേക്ക് പുറപ്പെട്ടു. യാത്രയ്ക്കിടയിൽ, ഒരു മുസ്ലിം യുവാവ് ഇത്തരത്തിലുള്ള അവസ്ഥകളിൽ ട്രെയിനിൽ നിർഭയനായി യാത്ര ചെയ്യുന്നതുകണ്ട് ഹിന്ദുക്കളും സിക്കുകാരും അത്ഭുതപ്പെട്ടു. എന്തായാലും ഡൽഹിയിലെത്തിയതിനുശേഷം അവിടെത്തെ ജമാഅത്ത് അദ്ദേഹത്തെ ഒരു ഫ്ളൈറ്റിൽ ലാഹോർ അയക്കുന്നതിനുള്ള ഏർപ്പാട് ചെയ്തു. അക്കാലത്ത് പശ്ചിമ-പൗരസ്ത്യ പാക്കിസ്താൻ ഒന്നായിരുന്നു. സുഖമായി അദ്ദേഹം റബ്വയിലെത്തി. ജാമിആയിലെ ആറുവർഷ വിദ്യാഭ്യാസം അദ്ദേഹം അവിടെ കരസ്ഥമാക്കി. അതിനുശേഷം അദ്ദേഹം ജാമിഅത്തുൽ മുബശ്ശിരീന്റെ കൂടുതൽ മൂന്നുവർഷത്തെ കോഴ്സ് പൂർത്തിയാക്കി. ശാഹിദ് ഡിഗ്രി എടുത്തു. അതുകഴിഞ്ഞ് പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്നും പെശാവർ യൂണിവേഴ്സിറ്റിയിൽനിന്നും മൗലവി ഫാളിൽ ഡിഗ്രിയും കരസ്ഥമാക്കുകയുണ്ടായി. അതുകഴിഞ്ഞ് പാക്കിസ്താനിലെതന്നെ ഫയ്സ്വലാബാദിലെ സമുദ്രി ജമാഅത്തിൽ അദ്ദേഹം നിയമിതനായി. 63–64ൽ കിഴക്കൻ ബംഗാളിലേക്ക് അദ്ദേഹത്തിന്റെ സ്ഥലമാ

**അല്ലാഹുവിന്റെ കലാം**

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***

**“അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?”**

**“അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു.” (ബുഖാരി)**

**ത്വാലിബെ ദുആ**
പി.പി.റഹീമും കുടുംബവും
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പഴയങ്ങാടി (കേരള)

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

റ്റമുണ്ടായി. അവിടെ വിവിധ ജമാഅത്തുകളിൽ അദ്ദേഹം സേവനം ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) വിശുദ്ധഖു ർആന്റെ ബംഗാളിതർജമയ്ക്കുവേണ്ടി ഒരു ബോർഡ് രൂപീകരിച്ചു. ഖാളി മുഹമ്മദ് നദീർ സാഹിബിന്റെ ശിപാർശയിൽ മൗലാനാ അബ്ദുൽ അസീസ് സാഹിബിന്റെ പേരും അതിൽ ഉൾപ്പെടുത്തുകയുണ്ടായി. അതിൽ മുസഫർ റുദ്ദീൻ ബംഗാളി സാഹിബും മൗലവി മുഹമ്മദ് അമീർ ബംഗാളി സാഹിബും അദ്ദേഹത്തിനോടൊപ്പം പ്രവർത്തിച്ചിരുന്നു. തർജമ ചെയ്യുന്നതിനുവേണ്ടി റബ്വയിൽ താമസിച്ചു. അതിനുശേഷം മുഹമ്മദ് അമീർ സാഹിബിന്റെ ഡാക്കയിലേക്കുള്ള സ്ഥലമാറ്റവും ചൗദ്ദരി മുസഫ്ഫറുദ്ദീൻ സാഹിബിന്റെ വഫാത്തിനുംശേഷം ഈ ജോലിക്കായി 1979–ൽ അദ്ദേഹത്തെ ഡാക്കയിലേക്ക് അയച്ചു. മൗലവി മുഹമ്മദ് സാഹിബിന്റെ വഫാത്തിനുശേഷം അദ്ദേഹം തനിച്ചാണ് ഈ ജോലി ചെയ്തിരുന്നത്. അവസാനം സ്വദ്സാല ജൂബിലിവർഷം വിശുദ്ധഖുർആന്റെ ബംഗ്ല തർജമ പൂർത്തിയായി. രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ മുറബ്ബിയും മുബല്ലിഗും എന്ന നിലയിൽ അദ്ദേഹം പ്രവർത്തിച്ചു. തഅ്ലീം തർബിയ്യത്തിന്റേയും തബ്ലീഗിന്റേയും ജോലികൾ നിർവഹിച്ചു. വിവിധ സന്ദർഭങ്ങളിൽ എതിരാളികളിൽനിന്ന് മർദ്ദനത്തിനും ഇരയായിട്ടുണ്ട്. ദൈവമാർഗത്തിൽ ജയിൽവാസം അനുഭവിച്ചു എന്ന ബഹുമതിയും അദ്ദേഹത്തിന് ലഭിച്ചു. 1992ൽ ജമാഅത്തിന്റെ കേന്ദ്രമായ ഡാക്കയിലെ ബഖ്ശീ ബാസാറിൽ ശത്രുക്കൾ ആക്രമണം നടത്തി. അപ്പോൾ വലിയ ധൈര്യത്തോടുകൂടി തനിച്ച് പോരാടിക്കൊണ്ടിരുന്നു. തൽഫലമായി അദ്ദേഹത്തിന്റെ തലയുൾപ്പെടെ മുഴുവൻ ശരീരത്തിലും മുറിവേറ്റു. സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യയ്ക്ക് പുറമെ മൂന്ന് പെൺമക്കളും രണ്ട് ആൺമക്കളും നിരവധി പൗത്രന്മാരും പൗത്രിമാരും ദൗഹിത്രിമാരും ദൗഹിത്രന്മാരുമുണ്ട്. അദ്ദേഹത്തിന്റെ മൂന്ന് പെൺമക്കളും ബംഗ്ലാദേശിൽ താമസിക്കുന്നു. ആൺമക്കളിൽ ഒരാൾ അമേരിക്കയിലാണ്. ചെറിയമകൻ ഹബീബുല്ലാഹ് സ്വാദിഖ് സാഹിബ് യു.കെ.യിലാണ്. എം.ടി.എയുടെ ന്യൂസ് വകുപ്പിൽ ജോലി ചെയ്യുന്നു. അല്ലാഹു പരേതാത്മാവിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ സയ്യിദ്‌വാലാ നങ്കാനയിലെ ബിശാരത്ത് അഹ്മദ് സാഹിബിന്റെ മകൻ മുഹമ്മദ് സഫ്റുല്ലാ സാഹിബ് ശഹീദിന്റേതാണ്. 2018 ആഗസ്ത് 29ന് നങ്കാന ജില്ലയിൽ മഗ്രിബിന്റെ നേരത്ത് അദ്ദേഹത്തിന്റെ കടയിൽ കൊള്ളക്കാർ ആക്രമണം നടത്തുകയും അവരുടെ വെടിവെപ്പിൽ ശഹീദാകുകയും ചെയ്തു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

വിശദീകരണമനുസരിച്ച് ആധുനികരീതിയിലുള്ള ആയുധധാരികളായ 6 കൊള്ളക്കാർ മോട്ടോർ സൈക്കിളിൽ വന്ന് അദ്ദേഹത്തിന്റെ കടയിൽ ആക്രമണം നടത്തുകയായിരുന്നു. അദ്ദേഹത്തിന്റേത് സ്വർണാഭരണ ജുവല്ലറിയുടെ കടയായിരുന്നു. അതിൽ അവർ കടന്നു. കട കൊള്ളയടിച്ചതിനുശേഷം പുറത്തു ശക്തമായ വെടിവെപ്പ് നടത്തിക്കൊണ്ടിരുന്നു. ഇക്കാരണത്താൽ വെളിയിലും ഭീകരാന്തരീക്ഷം നിലനിന്നു. ഈയാളുകൾ കൊള്ളയടിച്ച് തിരിച്ചുപോകുമ്പോൾ അവർ സഫ്റുല്ലാഹ് സാഹിബിനു നേരെ നിറയൊഴിച്ചു. മൂന്ന് വെടിയുണ്ടകളേറ്റ് അദ്ദേഹം സംഭവസ്ഥലത്തുതന്നെ ജീവൻവെടിഞ്ഞു. സഫ്റുല്ലാഹ് സാഹിബിന്റെ കടയിൽ അദ്ദേഹത്തിനു പുറമെ വേറെയും ആളുകളുണ്ടായിരുന്നു. പക്ഷേ അവർ സഫ്റുല്ലാഹ് സാഹിബിനെ മാത്രമാണ് ടാർഗറ്റ് ചെയ്തത്. 'ഇദ്ദേഹം അഹ്മദിയാണ്. അതുകൊണ്ട് ടാർഗറ്റു ചെയ്യുക, ഒന്നും വരാനില്ല. ഇരട്ടി പ്രതിഫലം കിട്ടുന്നതാണ്.' അദ്ദേഹം അങ്ങേയറ്റം സൽസ്വഭാവിയും അതിഥി സൽക്കാരപ്രിയനും വിനയനുമായിരുന്നു. ഇക്കാരണത്താൽ അദ്ദേഹത്തിന്റെ വഫാത്തിൽ അനുശോചനം അറിയിക്കാൻ ധാരാളമാളുകൾ വന്നിരുന്നു. ധാരാളം അനഹ്മദികളുമുണ്ടായിരുന്നു. ഖിലാഫത്തിനോടു അങ്ങേയറ്റം സ്നേഹമുള്ള വ്യക്തിയായിരുന്നു പരേതൻ. ഏത് ആഹ്വാനത്തിനും ലബ്ബൈക്ക് പറയുമായിരുന്നു. നമസ്കാരം ജമാഅത്തായി നമസ്കരിക്കുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. പരേതൻ നിർഭയനും ധൈര്യവാനുമായിരുന്നു. ഈ സമയത്ത് സയ്യിദ്‌വാലയിലെ സെക്രട്ടറി തഅ്ലീം എന്ന നിലയിൽ സേവനമനുഷ്ഠിച്ചുവരികയായിരുന്നു. അദ്ദേഹത്തിന് 30 വയസ്സായിരുന്നു. രണ്ടര വർഷം മുമ്പേയാണ് വിവാഹിതനായത്. അദ്ദേഹത്തിന്റെ മകൻ അസീസം മുഹമ്മദ് ത്വൽഹായ്ക്ക് ഒന്നരവയസ്സാണ്. പരേതന് ഭാര്യയും മകനും മാതാപിതാക്കൾക്കും പുറമെ ഒരു സഹോദരനും അഞ്ചു സഹോദരിമാരുമുണ്ട്. അല്ലാഹു പരേതന്റെ പദവികൾ ഉയർത്തുമാറാകട്ടെ. എല്ലാ ബന്ധുക്കൾക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

# ജമാഅത്തിന് ഉപദേശം:–

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"അവസാനമായി ഞാനെന്റെ ജമാഅത്തിനെ ഉപദേശിക്കുകയാണ്. നിങ്ങൾ ശത്രുക്കൾക്കെതിരിൽ സഹനം കൈക്കൊള്ളുക. നിങ്ങൾ ചീത്ത വിളികൾകേട്ട് മൗനം പാലിക്കുക. ചീത്ത വിളി കേട്ടാൽ എന്തു നഷ്ടം സംഭവിക്കാനാണ്. ചീത്തവിളിക്കുന്നവന്റെ സ്വഭാവം മനസ്സിലാകും. അത്രതന്നെ. ആരെങ്കിലും നിങ്ങളെ മർദിച്ചാലും നിങ്ങൾ ക്ഷമ കൈക്കൊള്ളണമെന്നാണ് ഞാൻ നിങ്ങളോടു പറയുന്നത്. അല്ലാഹുവിൽനിന്ന് അവരുടെ ഹൃദയം കഠിനമാക്കപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ അവരങ്ങനെ ചെയ്യുകയില്ലായിരുന്നു എന്നകാര്യം ഓർക്കേണ്ടതാണ്. നമ്മുടെ ജമാഅത്ത് സമാധാനകാംക്ഷികളാണെന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അവർ കലാപക്കാരായിരുന്നെങ്കിൽ എപ്പോഴും കലഹങ്ങളുണ്ടാകുമായിരുന്നു. പിന്നീട് അവരിൽ ക്ഷമയും സഹനവും കാണുമായിരുന്നില്ല. പിന്നീട് അവരും മറ്റുള്ളവരും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്?................

അല്ലാഹുവിന്റെ രണ്ടു കല്പനകളുണ്ടെന്ന കാര്യം ഓർത്തുകൊള്ളുക. അവനോട് ഒന്നിനേയും പങ്കുചേർക്കരുതെന്നതാണ് ഒന്നാമത്തേത്; അവന്റെ സത്തയിലും അവന്റെ സവിശേഷ ഗുണങ്ങളിലും അവനെ ആരാധിക്കുന്നതിലും. രണ്ടാമത്തേത് മനുഷ്യകുലത്തോടു അനുകമ്പ കാണിക്കുക എന്നതാണ്. നന്മ ചെയ്യുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സ്വന്തം സഹോദരങ്ങളോടും സ്വന്തം ബന്ധുമിത്രാദികളോടും മാത്രം ചെയ്യുക എന്നതല്ല. എല്ലാവർക്കും ചെയ്യുക. അല്ലാഹുവിന്റെ സൃഷ്ടികളായ എല്ലാവർക്കും നന്മ ചെയ്യുക. അവൻ ഹിന്ദുവാണ്, ഇവൻ ക്രിസ്ത്യാനി എന്ന ചിന്ത ഉണ്ടാകരുത്. ഞാൻ സത്യമായും പറയുന്നു: നിങ്ങളുടെ നീതി അല്ലാഹു തന്റെ കൈയിൽ എടുത്തിരിക്കുകയാണ്. നിങ്ങൾ സ്വയം ചെയ്യണമെന്ന് അവനാഗ്രഹിക്കുന്നില്ല. എത്രത്തോളം മൃദുലനയം നിങ്ങൾ സ്വീകരിക്കുന്നുവോ എത്രത്തോളം വിനയവും എളിമയും കൈക്കൊള്ളുന്നുവോ അല്ലാഹു അത്രത്തോളം നിങ്ങളിൽ സന്തുഷ്ടനായിരിക്കും. നിങ്ങളുടെ ശത്രുക്കളെ നിങ്ങൾ അല്ലാഹുവിന് ഏല്പിച്ചു കൊടുക്കുക. ഖിയാമത്ത് അടുത്തിരിക്കുകയാണ്. ശത്രുക്കളുടെ പീഢനങ്ങളിൽ ഒരിക്കലും പരിഭ്രമിക്കരുത്. ഇനി നിങ്ങൾക്ക് അവരിൽനിന്ന് ഒരുപാടു ദുഃഖങ്ങൾ സഹിക്കേണ്ടി വരുന്നതായി ഞാൻ കാണുന്നു. കാരണം സംസാകാരവൃത്തത്തിന്റെ വെളിയിലുള്ളവരുടെ നാവ്, അണക്കെട്ടുപൊട്ടി ശക്തമായി ജല പ്രവാഹമുണ്ടാകുന്നതു പോലെ ചലിക്കുന്നു. അതുകൊണ്ട് മതനിഷ്ഠയുള്ളവർ തങ്ങളുടെ നാവ് അടക്കിവയ്ക്കേണ്ടതാണ്................

നിങ്ങളുടെ ശാരീരികാവേശം നിങ്ങളുടെ ശത്രുക്കളുടേതുപോലെ തന്നെയെങ്കിൽ നിങ്ങൾ തന്നെ പറയുക! നിങ്ങളും മറ്റുള്ളവരും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? എതിരാളികൾ സ്വയം ലജ്ജിതരായിത്തീരും വിധം നല്ല മാതൃക നിങ്ങൾ കാണിക്കേണ്ടതാണ്. നന്മകൊണ്ട് ശത്രുക്കളെ നാണംകെടുത്തുന്നവനാണ് വലിയ ബുദ്ധിമാനും ജ്ഞാനിയും..........

നമ്മളോടു അല്ലാഹു പറഞ്ഞിട്ടുള്ളത് മൃദുലമായും അലിവോടും കൂടി പെരുമാറുക എന്നാണ്. നിങ്ങൾക്കുണ്ടാകുന്ന എല്ലാ വിപത്തുകളും നാശങ്ങളും അല്ലാഹുവിൽ വിടുക. ഓരോ ഉപദ്രവങ്ങളിലും ക്ഷമ കൈക്കൊള്ളുകയും ഓരോന്നും അല്ലാഹുവിൽ വിടുകയും ചെയ്യുന്ന വ്യക്തിയെ അല്ലാഹു കൈയൊഴിയുകയില്ലെന്ന കാര്യം ഓർത്തുകൊള്ളുക. പരിഹസിക്കുകയും ഞാൻ പറയുന്ന കാര്യങ്ങൾകേട്ട് അവഹേളിക്കുകയും ചെയ്യുന്ന ആളുകൾ ലോകത്തുണ്ട്. എന്നാൽ, നിങ്ങൾ അത് ഗൗനിക്കണ്ട. അവരുടെ കാര്യം അല്ലാഹു നോക്കുന്നതാണ്. മനുഷ്യൻ വയസ്സനായി പടുവൃദ്ധനാകുന്നതുപോലെ ആ അല്ലാഹു പഴഞ്ചനായിട്ടില്ല. ഹദ്റത്ത് മൂസായുടേയും ഈസായുടേയും(അ) ഹദ്റത്ത് നബി (സ)തിരുമേനിയുടേയും കാലത്തുണ്ടായിരുന്ന അതേ അല്ലാഹുതന്നെയാണ് ഇന്നുമുള്ളത്. അവന്റെ ആദ്യമുണ്ടായിരുന്ന എല്ലാ ശക്തികളെല്ലാം ഇപ്പോഴുമുണ്ട്. എന്നാൽ, എന്തെന്നാണോ ഞാൻ പറയുന്നത് അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ നിങ്ങൾ എന്റെ ജമാഅത്തിൽപ്പെട്ടവരല്ല.........

ഉപദേശങ്ങളോ എന്തെങ്കിലും തന്ത്രങ്ങളോ സൂത്രങ്ങളോ പാപങ്ങളേയും കുറ്റങ്ങളേയും അകറ്റുകയില്ലെന്ന കാര്യം ഓർത്തു കൊള്ളുക. അതിന് ഒരു വഴിയെയുള്ളു. അതു ദുആയാണ്. അല്ലാഹു നമ്മോട് പറഞ്ഞിട്ടുള്ളത് ഇതാണ്. ഇക്കാലഘട്ടത്തിൽ നന്മചെയ്യുക എന്നതും തിന്മ ഉപേക്ഷിക്കുക എന്നതും ചെറിയ കാര്യമല്ല. ഇതൊരു വിപ്ലവം ആഗ്രഹിക്കുന്നു. ഈ വിപ്ലവം അല്ലാഹുവിന്റെ കൈയിലാണ്. ഇതു ദുആ മുഖേനമാത്രമേ നടക്കൂ...(മൽഫൂദാത്ത് വാല്യം 5 പേജ് 130–133)

## തിരുത്ത്

ബദ്ർ ലക്കം 48ൽ രണ്ടാം പേജ് രണ്ടാം കോളത്തിൽ 'ഉദാഹരണത്തിന് 'സൂറ കൗഥർ' എന്നു കൊടുത്തതിനുശേഷം 'സൂറ ഇഖ്ലാസി'ന്റെ അറബി വാക്യങ്ങളാണ് കൊടുത്തിരിക്കുന്നത്. തെറ്റു പറ്റിയതിൽ ഖേദിക്കുന്നു. : പത്രാധിപർ

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

**❋വഖ്ഫെആർസി ആദ്യം താങ്കളുടെ ആമിലായിൽനിന്നു തുടങ്ങുക. പിന്നീട് മറ്റുള്ളവരെ വഖ്ഫെആർസി ചെയ്യാൻ പ്രേരിപ്പിക്കുക. ❋പതിവായി നമസ്കരിക്കുന്നുണ്ടോ എന്നും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുണ്ടോ എന്നും എം.ടി.എയുമായി ബന്ധമുണ്ടോ എന്നുമുള്ള കാര്യം ശ്രദ്ധിക്കുക. എല്ലാവരേയും എം.ടി.എയുമായി ബന്ധിപ്പിക്കുക. സ്നേഹത്തോടെ അവരെ അടുത്തുകൊണ്ടുവരിക. ❋ മസ്ജിദിലും ജമാഅത്തിന്റെ സെന്ററുകളിലും വന്നുംപോയുമിരിക്കുന്നതിനും ജമാഅത്തിലെ ആളുകൾ ആക്റ്റീവായിരിക്കുന്നതിനുമുള്ള പരിപാടികളുണ്ടാക്കുക. ❋ സ്കൈപ്പ് മുഖേന വിശുദ്ധഖുർആൻ പഠിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക. ❋അൻസ്വാറിന് വിശുദ്ധഖുർആൻ പാരായണം ചെയ്യാൻ അറിയുമോ എന്ന് പരിശോധിക്കുക. എന്നിട്ട് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുക. ആമില ഏതു പരിപാടി തയ്യാറാക്കുകയാണെങ്കിലും എപ്പോഴും ആദ്യ സംബോധിതരായി തങ്ങളെ മനസ്സിലാക്കേണ്ടതാണ്. എന്റെ ഓരോ ഖുത്വ്ബയുടേയും ആദ്യസംബോധിതർ തങ്ങളാണെന്ന് മനസ്സിലാക്കുക. അതിനുശേഷം മറ്റുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിക്കുക. ❋ നിങ്ങളുടെ സ്വന്തം പരാതികളെ നിങ്ങളുടെ മതത്തിനുമേൽ വലയം ചെയ്യാൻ വിടരുത്. നിങ്ങളുടെ പരാതി നിങ്ങളിൽ മാത്രം ഒതുക്കിനിറുത്തുക. ചുറ്റും പരത്താതിരിക്കുക. സ്വന്തം വീടുകളിൽ ചർച്ച ചെയ്യാതിരിക്കുക. ❋നിളാമിന്നെതിരിൽ ഒരു കാര്യം ചെയ്യാതിരിക്കുക. ദുആ ചെയ്യുകയും നിങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ അല്ലാഹുവിനോടു സഹായം തേടുകയും ചെയ്യുക. ❋ എം.ടി.എയിൽ എന്റെ ഖുത്വ്ബകളുമായി നിങ്ങളുടെ കുട്ടികളെ ബന്ധപ്പെടുത്തുക. നിങ്ങളുടെ വീടുകളിൽ നിങ്ങളുടെ കുട്ടികളെ എം.ടി.എയുമായി ബന്ധപ്പെടുത്തേണ്ടത് വളരെ നിർബന്ധമാണ്.**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

(തുടർച്ച) 9 മണിക്ക് ഹുദൂർ താമസ സ്ഥലത്തുനിന്ന് വെളിയിൽ വന്നു. മസ്ജിദ് മഹ്മൂദിന്റെ അടുത്ത് നിർമാണത്തിലിരിക്കുന്ന കോംപ്ലക്സ് നോക്കിക്കണ്ടു. മസ്ജിദ് മഹ്മൂദിലെ പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ള ഹാളുകൾക്ക് പുറമെ ലൈബ്രറി, എക്സിബിഷൻ ഹാൾ, ഓഫീസുകൾ, മിഷൻഹൗസ്, മൾട്ടി പെർപസ് ഹാൾ, മുബല്ലിഗ് കോർട്ടേഴ്സ്, ജമാഅത്തിന്റെ അടുക്കള, ഗസ്റ്റുഹൗസ്, സംഘടനാപരമായ മറ്റു പ്രവർത്തനങ്ങൾക്കുള്ള മുറികൾ തുടങ്ങിയവ നിർമിച്ചു കഴിഞ്ഞിരിക്കുന്നു. വിശദീകരിച്ചുള്ള വിവരങ്ങൾ പിന്നീട് വരുന്നതായിരിക്കും.

9.15 ന് ഹുദൂർ അയ്യദഹുല്ലാഹ് മസ്ജിദ് മഹ്മൂദിൽ വന്ന് മഗ്രിബ് ഇശാ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരങ്ങൾക്കു ശേഷം ഹുദൂർ താമസസ്ഥലത്തേക്കു പോയി.

### 2016 മെയ് 11 ബുധനാഴ്ച:

രാവിലെ 4.10 ന് ഹുദൂർ മസ്ജിദ് മഹ്മൂദിലെത്തി സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് പോയി.

പരിപാടി അനുസരിച്ച് രാവിലെ 11 മണിക്ക് ഹുദൂർ ഓഫീസിലെത്തി. സ്വീഡൻ ടെലിവിഷന്റെ ജേർണലിസ്റ്റ് ഹെലേന ബോഹൻ നെൽസൺ(Helena Bohm Nilsson), തദ്ദേശപത്രമായ സ്കാൻസ്കാ ഡഗ് ബ്ലാദത്തിന്റെ(Skanska Dagbladat) പ്രതിനിധി, തെക്കൻ സ്വീഡനിലെ ഏറ്റവും വലിയ പത്രമായ സിഡ്സ് വെൻസ്കാന്റെ(Sydsvenskan) പ്രതിനിധി ജേർണലിസ്റ്റ് ജൻസ് മിക്കേൽസൺ (Jens Mikkelsen), സ്വീഡിഷ് നാഷണൽ റേഡിയോയുടെ പ്രതിനിധി അന്നാ ബൊബഹ്കൊ (Anna Bubehko)തുടങ്ങിയവർ ഹുദൂറിൽനിന്ന് അഭിമുഖം എടുക്കുന്നതിനുവേണ്ടി വന്നിരുന്നു. ഇലക്ട്രോണിക്-പ്രിന്റ് മീഡിയായുടെ ഈ നാല് പത്രപ്രതിനിധികളും ഊഴമനുസരിച്ച് ഹുദൂറിൽനിന്ന് ഇന്റർവ്യൂ എടുത്തു.

### സ്വീഡിഷ് ടെലിവിഷന്റെ ഹുദൂറുമായുള്ള ഇന്റർവ്യൂ:

ജേർണലിസ്റ്റ്: ഈ മസ്ജിദുകൊണ്ട് അഹ്മദിയ്യാ ജമാഅത്ത് എന്താണ് അർഥമാക്കുന്നത്?

ഹുദൂർ:മസ്ജിദിന്റെ ഉദ്ദേശ്യം എല്ലാ മുഅ്മിനീംകളേയും ആരാധനയ്ക്കായി ഒരിടത്ത് സംഘടിപ്പിക്കുക എന്നതാണ്. മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം അവന്റെ സ്രഷ്ടാവിന്റെ മുമ്പിൽ കുനിയുക എന്നതാണെന്ന് വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു. അതുകൊണ്ട് മുഅ്മിനായ ഒരു മുസ്ലിമിന് അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റേണ്ടത് നിർബന്ധമാണ്. ഇസ്ലാമികാധ്യാപനമനുസരിച്ച് അഹ്മദി മുസ്ലീംകൾ നിത്യവും അഞ്ചുനേരം ഇവിടെ സംഘടിക്കുക എന്നതാണ് ഈ മസ്ജിദ് നിർമാണത്തിന്റേയും ഉദ്ദേശ്യം. ചില ഘട്ടങ്ങളിൽ ഈ നേരത്തല്ലാതെയും ഇവിടെ സംഘടിക്കുന്നതാണ്. ആൺകുട്ടികളും പെൺകുട്ടികളും ഇവിടെ എത്തും. multi purpose ഹാളിൽ തങ്ങളുടെ ഗൈംസ് തുടങ്ങിയവ നടക്കുന്നതാണ്. മറ്റു പരിപാടികളും സംഘടിപ്പിക്കുന്നതായിരിക്കും. പക്ഷേ, യഥാർഥ ഉദ്ദേശ്യം തങ്ങളുടെ ആരാധ്യനെ വണങ്ങുന്നതിനുവേണ്ടി സംഘടിക്കുക എന്നത് തന്നെയായിരിക്കും.

അവർ ചോദിച്ചു: മസ്ജിദിന്റെ ഈ കെട്ടിടത്തെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായം എന്താണ്?

ഹുദൂർ: ഈ കെട്ടിടം വളരെ മനോഹരമായ രീതിയിലാണ് നിർമിക്കപ്പെട്ടിട്ടുള്ളത്. ഇവിടത്തെ തദ്ദേശവാസികളും ഇതിനെ ഇഷ്ടപ്പെടുമെന്നാണ് ഞാൻ കരുതുന്നത്. കാരണം ഈ മസ്ജിദിന്റെ പ്ലാൻ വളരെ മനോഹരമായ രീതിയിലാണ് ഡിസൈൻ ചെയ്തിരിക്കുന്നത്.

ജേർണലിസ്റ്റ്: അങ്ങയുടെ ദൗത്യമെന്താണ്?

ഹുദൂർ: അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഉദ്ദേശ്യം നബി(സ)തിരുമേനി ആദ്യമെതന്നെ പറഞ്ഞിട്ടുള്ളതാണ്. അവസാന കാലത്ത് മുസ്ലീംകൾ ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ മറന്നുപോകുകയും നേർവഴിയിൽനിന്ന് തെറ്റിപ്പോകുകയും ചെയ്യുമ്പോൾ അല്ലാഹുവിൽനിന്ന് അയക്കപ്പെടുന്ന ഒരാൾ വെളിപ്പെടുന്നതായിരിക്കുമെന്ന് നബി(സ)തിരുമേനി പ്രവചനം ചെയ്തിരുന്നു. അദ്ദേഹം ഇസ്ലാമിന്റെ പ്രവാചകനായ നബി(സ)തിരുമേനിയെ വിശ്വസിക്കുന്ന ആളായിരിക്കും. അദ്ദേഹം മസീഹ് ആയിരിക്കും. മഹ്ദി എന്ന് പറയപ്പെടും. അദ്ദേഹം യഥാർഥ ഇസ്ലാം എന്താണെന്ന് മുസ്ലീംകളോടും അമുസ്ലീംകളോടും പറയുന്നതായിരിക്കും. മനുഷ്യകുലത്തെ ഒരു കൊടിക്കീഴിൽ അണിനിരത്തുന്നതായിരിക്കും;തങ്ങളുടെ സ്രഷ്ടാവിനോടുള്ള കടമകൾ നിറവേറ്റാൻ; സമൂഹത്തിൽ പരസ്പരം സ്നേഹവും സാഹോദര്യവും ഉണ്ടാക്കാനും.

ജേർണലിസ്റ്റ്: ഇവിടെ ഞാനൊരു മുദ്രാവാക്യം കേട്ടു. അങ്ങ് അതിനെക്കുറിച്ച് എന്തെങ്കിലും പറഞ്ഞുതരുമോ?

ഹുദൂർ: മുദ്രാവാക്യംകൊണ്ട് താങ്കൾ ഉദ്ദേശിച്ചത് 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതാണെങ്കിൽ ഇത് ഖുർആനികാധ്യാപനങ്ങളുടേയും ഇസ്ലാമിന്റേയും സംക്ഷിപ്തമാണ്. ഇസ്ലാമിന്റെ ഉദ്ദേശ്യംതന്നെ ശാന്തിയും സമാധാനവുമാണ്. നമ്മൾ പരസ്പരം സ്നേഹിക്കേണ്ടതാണ്. പ്രീതിയും സ്നേഹവും പരത്തേണ്ടതാണ്. നിങ്ങളുടെ ശത്രുക്കളോടും നീതിപൂർവം പെരുമാറുക എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്.

ഹുദൂർ പറഞ്ഞു:എന്താണ് സ്നേഹം? സ്നേഹം സഹതാപത്തിന്റെ പേരാണ്. ദൈവശിക്ഷയ്ക്കുപാത്രമാകുന്ന കർമങ്ങളൊന്നും ആരും ചെയ്യരുതെന്ന് നമ്മൾ ആഗ്രഹിക്കുന്നതും ആ സ്നേഹംതന്നെയാണ്. ബാഹ്യമായി നമ്മുടെ ശത്രുവായിട്ടുള്ളവർക്കും ഈ സ്നേഹത്തിന്റെ വികാരങ്ങളാണുള്ളത്. ഞങ്ങൾ ആരേയും ഞങ്ങളുടെ ശത്രുക്കളായി മനസ്സിലാക്കുന്നില്ല. സ്നേഹത്തിനും പല നിലകളുണ്ട്. സ്വന്തം മക്കളോടു നിങ്ങൾക്കുള്ള സ്നേഹം മറ്റൊന്നായിരിക്കും. മാതാപിതാക്കളോടുള്ള നിങ്ങളുടെ സ്നേഹം വേറൊന്നായിരിക്കും. സഹോദരി സഹോദരന്മാരോടും സുഹൃത്തുക്കളോടുമുള്ള നിങ്ങളുടെ സ്നേഹവും വിവിധ രീതിയിലായിരിക്കും. ഈ സ്നേഹത്തിന്റെ വിവിധ നിലകളെ പരിഗണിച്ച് ഞങ്ങൾ ലോകത്തിലെ എല്ലാവരേയും സ്നേഹിക്കുന്നു. ആർക്കും നഷ്ടമുണ്ടാക്കണമെന്ന് ആഗ്രഹിക്കുന്നില്ല. എല്ലാവരോടും സഹതാപമുള്ളവരുമാണ്.

ജേർണലിസ്റ്റ്: ഇവിടെ മാൽമോയിലും സ്വീഡനിലും ഐ എസ് ഐ എസിൽ ചേർന്നുകൊണ്ടിരിക്കുന്ന യുവാക്കളെ കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ഹുദൂർ:ഐ എസ് ഐ എസ് എന്ത് വസ്തുവാണ്? നാമധാരികളായ ലീഡറന്മാർ തങ്ങളുടെ വ്യക്തിപരമായ നേട്ടങ്ങൾക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു സംഘടനയാണത്. ഈ ആളുകൾ യുവതലമുറയെ തങ്ങളോടൊപ്പം ചേർക്കുന്നതിനുവേണ്ടി വിവിധ രീതിയിലുള്ള മോഹനവാഗ്ദാനങ്ങൾ നല്കിക്കൊണ്ടിരിക്കുന്നു. ഉദാഹരണത്തിന് അവർ മരിക്കുമ്പോൾ സ്വർഗത്തിൽ പോകുമെന്ന് പറയുന്നു. ജീവനോടെ ഇരുന്നാൽ ഇസ്ലാമിനു സേവനം ചെയ്യുകയാണത്രെ! വാസ്തവത്തിൽ ഇതൊന്നും ശരിയല്ല. ഞാൻ ആദ്യമെ പറഞ്ഞതുപോലെ ഇസ്ലാമിന്റെ സ്ഥാപകർ നബി(സ)തിരുമേനി അവസാന കാലത്ത് ജനങ്ങൾ ഇസ്ലാമികാധ്യാപനങ്ങൾ മറന്നുപോകുമെന്ന് പ്രവചിച്ചിരുന്നു. അവരുടെ സന്മാർഗത്തിന് ഒരാൾ വരുന്നതായിരിക്കും. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപ

കർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) ആ രീതിയിൽ വന്നിരിക്കുന്നുവെന്നത് ഞങ്ങളുടെ വിശ്വാസമാണ്. ഈ സംഘടനകളിൽ ചേരുകയും തീവ്രവാദപരമായ അധ്യാപനങ്ങൾ നല്കിക്കൊണ്ടിരിക്കുയും ചെയ്യുന്ന സംഘടനകളുടേയും വ്യക്തികളുടേയും കർമങ്ങൾ അടിമുടി ഇസ്‌ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. അവർ ചെയ്തുകൊണ്ടിരിക്കുന്നത് ശരിയല്ല.

വനിതാ ജേർണലിസ്റ്റ്: അങ്ങയുടെ ജമാഅത്തിലെ യുവതലമുറയെ ഐഎസ് ഐഎസിൽ ചേരുന്നതിൽനിന്ന് തടയാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഹുദൂർ: അഹ്മദിയ്യാ ജമാഅത്തിനു പുറത്തുള്ള യുവതലമുറകളിൽ ഞങ്ങൾക്കു ഒരു സ്വാധീനവുമില്ല. ഐ എസ് ഐ എസിൽ ചേരാൻ ആഗ്രഹമുള്ള ഒരു യുവാവും ഞങ്ങളുടെ ജമാഅത്തിലില്ല. ഞങ്ങൾ സമാധാനം ആഗ്രഹിക്കുന്നവരാണ്. സമാധാനപ്രിയരാകാൻ ഞങ്ങൾ ചെറുപ്പം മുതലെ ഞങ്ങളുടെ അംഗങ്ങളേയും കുട്ടികളേയും പഠിപ്പിച്ചു വരുന്നു. അവരുടെ മുമ്പിൽ ഇസ്‌ലാമിന്റെ യഥാർഥ ചിത്രം സമർപിക്കുന്നു. അഹ്മദികളിൽ അത്തരം ആരേയും നിങ്ങൾക്കു കിട്ടുകയില്ല. മറ്റു മുസ്‌ലീംകളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ അവരോടു, തീർച്ചയായും അത് തികച്ചും ഇസ്‌ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്ന് പറയുന്നു. എന്നാൽ, ഞങ്ങൾക്കു അവരുടെമേൽ ഒരു അധികാരവുമില്ല. അതുകൊണ്ട് ഞങ്ങൾ ഭരണാധികാരികളോടു പറയുന്നു, ഇവർ നിങ്ങളുടെ പ്രജകളാണ്. അതിനാൽ, ഈ യുവതലമുറ തീവ്രവാദ സംഘടനകളിൽ ചേരാതിരിക്കുംവിധമുള്ള നിയമങ്ങൾ ഉണ്ടാക്കേണ്ടതാണ്; നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജേർണലിസ്റ്റ്: മുസ്‌ലിം നേതാക്കന്മാർ സ്ത്രീകൾക്ക് കൈകൊടുക്കുന്നത് നിഷേധിക്കുന്നതിനെ സംബന്ധിച്ച debate അങ്ങ് കേട്ടിട്ടുണ്ടാകും?

ഹുദൂർ: എന്റെ അഭിപ്രായത്തിൽ ഇതൊരു വലിയ പ്രശ്നമൊന്നുമല്ല. ഞാൻ തന്നെയും സ്ത്രീകൾക്ക് കൈകൊടുക്കാറില്ല. ഓരോ ഗോത്രത്തിനും ഓരോ ജനതയ്ക്കും അവരവരുടെ പാരമ്പര്യവും സമ്പ്രദായവുമുണ്ട്. ഞങ്ങൾ സ്ത്രീകളുടെ അന്തസ് നിലനിറുത്താൻ അവർക്ക് കൈകൊടുക്കാറില്ല. ഞാൻ ചില നേരങ്ങളിൽ കുനിയാറുണ്ട്. അത് കൈകൊടുക്കുന്നതിനെക്കാൾ കൂടുതൽ അന്തസിന് നിമിത്തമാണ്. ഹിന്ദു കൈകൂപ്പി നമസ്ത്തെ പറയുന്നു. ജപ്പാൻകാർ കുനിയുന്നു. ഇപ്രകാരംതന്നെ ലോകത്തെ വിവിധ ജനതകളിൽ വിവിധ സമ്പ്രദായങ്ങളുണ്ട്. നൈജീരിയായിൽ ചില ഗോത്രങ്ങളുണ്ട്. അവരുടെ ചീഫ് മറ്റുള്ളവരുടെ മുമ്പിൽ ഭക്ഷണം കഴിക്കാറില്ല; ഏതെങ്കിലും രാഷ്ട്രത്തലവന്റെ മുമ്പിലാണെങ്കിൽ പോലും. ചില ആഫ്രിക്കൻ രാജ്യങ്ങളിലെ ചീഫുമാർ നമ്മെ കാണാൻ വരുമ്പോഴും നമ്മുടെ യു.കെ ജൽസസാലാനയിൽ പങ്കെടുക്കുമ്പോഴും തങ്ങൾക്കു തങ്ങളുടേതായ സമ്പ്രദായങ്ങളും പാരമ്പര്യങ്ങളുമുണ്ടെന്ന് പറയാറുണ്ട്. തങ്ങൾ ഇതു ചെയ്യുകയില്ലെന്നും തങ്ങൾ അങ്ങനെ ഇരിക്കുമെന്നും തങ്ങൾ നിങ്ങളോടൊപ്പിരുന്ന് ഭക്ഷണം കഴിക്കുകയില്ലെന്നും തുടങ്ങി പലതും അവർ പറയാറുണ്ട്. ഞങ്ങൾ അവരെ ബഹുമാനിക്കുന്നു. കാരണം അവർ ഞങ്ങളുടെ നാട്ടിലെ ഞങ്ങളുടെ അതിഥയായി വന്നവരാണ്. ഇനി നിങ്ങൾ നിങ്ങൾ മുസ്‌ലീംകളാണെന്നത് ശരിതന്നെ. എന്നാൽ, നിങ്ങൾ യൂറോപിലാണ് താമസിക്കുന്നത്, യൂറോപിന്റെ പാരമ്പര്യവും സമ്പ്രദായവും സ്ത്രീകൾക്ക് കൈകൊടുക്കുക എന്നതാണ് എന്നു പറയുകയാണെങ്കിൽ അതു ശരിതന്നെയാണ്. ഞങ്ങൾ സ്ത്രീകളെ ബഹുമാനിക്കുന്നു. അവരെ ആദരിക്കുന്നു. എന്നാൽ, കൈകൊടുക്കുക മാത്രമാണ് അവരോടുള്ള ആദരവ് പ്രകടിപ്പിക്കുന്നതിനുള്ള മാർഗമെങ്കിൽ ഞാൻ പറയുന്നു, എന്റെ മനസിൽ സ്ത്രീകളോടു കൂടുതൽ ആദരവാണുള്ളത്;സ്ത്രീകൾക്ക് ഹസ്തദാനം ചെയ്യുന്നതിനെക്കാൾ.

താങ്കൾ സ്ത്രീകൾക്ക് ഹസ്തദാനം ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ ശരിയായ നിലയിൽ സമൂഹത്തിൽ integrate ചെയ്യുന്നില്ലെന്ന് അർഥം?

ഹുദൂർ: നിങ്ങൾ integration ന് എന്തു നിർവചനമാണ് നല്കുന്നത്? ഞാൻ ഒരുപാട് രാഷ്ട്രീയക്കാരോടു ചോദിച്ചിട്ടുണ്ട്. അവർക്ക് integration ന് ശരിയായ നിർവചനം നല്കാൻ കഴിഞ്ഞിട്ടില്ല. എന്റെ പക്കൽ integration ന്റെ നിർവചനം സ്വന്തം രാജ്യത്തെ സ്നേഹിക്കുക. നമ്മുടെ വിശ്വാസമനുസരിച്ച് രാജ്യത്തോടുള്ള സ്നേഹം നിങ്ങളുടെ ഈമാന്റെ ഭാഗമാണ്. ഏതെങ്കിലും പാക്കിസ്താനിയോ ഏതെങ്കിലും ആഫ്രിക്കനോ ഹിജ്റത്ത് ചെയ്ത് സ്വീഡനിൽ വരികയോ ഇവിടത്തെ പൗരത്വം സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അയാൾ സ്വീഡനെ സ്നേഹിക്കേണ്ടതായി വരും. രാജ്യത്തോടു കൂറു പുലർത്തേണ്ടതായി വരും. ഈ രാജ്യത്തിനുമേൽ ശത്രുവിൽനിന്ന് ആക്രമണം ഉണ്ടായാൽ രാജ്യത്തിന്റെ പട്ടാളത്തിൽച്ചേർന്ന് പ്രതിരോധിക്കേണ്ടതായി വരും. രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പങ്കുവഹിക്കേണ്ടതായി വരും. അയാൾക്ക് ഈ രാജ്യത്തിനുവേണ്ടി റിസർച്ച് ചെയ്യേണ്ടതായി വരും. ഈ രാജ്യത്തിലെ ജനങ്ങളെ സ്നേഹിക്കേണ്ടതായിവരും. നിയമമനുസരിച്ച് പ്രവർത്തിക്കേണ്ടതായിവരും. ഭരണാധികാരികളും പാർലമെന്റുകളും മുഖേന നടപ്പിൽ വന്നിട്ടുള്ള എല്ലാ നിയമങ്ങളേയും ആദരിക്കേണ്ടതായി വരും. ഇതാണ് integration.

(തുടരും)

(പേജ് 1ൽനിന്ന്)

ളിൽനിന്ന് രക്ഷപ്പെട്ട് അവശേഷിച്ചവരെ നാട്ടിൽനിന്ന് പുറത്താക്കുകയും ചെയ്തു. ഈ കാരണത്താൽ അവർ കൊലക്കുറ്റവാളികളായതുകൊണ്ട് അവരൊക്കെ ദൈവദൃഷ്ടിയിൽ വധാർഹരാണെന്നും അവരോടു പ്രതികാരം വീട്ടാനുള്ള കല്പനയുണ്ടെന്നുമാണെങ്കിൽ അവർക്ക് കരുണാവാരിധിയായ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് നല്കപ്പെട്ട ഇളവനുസരിച്ച് അവരിൽ മുസൽമാൻ ആകുന്നവർ വധശിക്ഷയിൽനിന്ന് മോചിതരാക്കപ്പെടുന്നതാണ്. ഈ രീതിയിലുള്ള കാരുണ്യാവസ്ഥ എവിടെ നില്ക്കുന്നു? ബലാൽക്കാരം എവിടെ നില്ക്കുന്നു?

2. ഈ മനുഷ്യൻ ഇംഗ്ലീഷുകാരുടെ രാജ്യത്ത് താമസിക്കുന്നതുകൊണ്ടാണ് ജിഹാദ് വിലക്കുന്നതെന്ന് അൽമനാർ പത്രാധിപരെപോലെ ചില അജ്ഞാനികൾ എന്നെ ആക്ഷേപിക്കുന്നു. ഞാൻ വ്യാജം പറഞ്ഞുകൊണ്ട് ഈ സർക്കാറിനെ സന്തോഷിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈസബ്നു മർയം കുരിശിൽനിന്ന് രക്ഷപ്പെട്ട് സ്വാഭാവിക മരണം വരിച്ച് കശ്മീരിലുള്ള ശ്രീനഗറിൽ ഖബ്റടക്കം ചെയ്യപ്പെട്ടതായി എന്തിനു ആവർത്തിച്ചു പറയണം? അദ്ദേഹം ദൈവവുമല്ല, ദൈവപുത്രനുമല്ല. മതപരമായി രോഷമുള്ള ഇംഗ്ലീഷുകാർ എന്റെ ഈ വാക്കു കാരണം എനിക്കെതിരിൽ ഉണരുകയില്ലേ? അതുകൊണ്ട് അല്ലയോ അല്പജ്ഞാനികളേ! കേട്ടുകൊള്ളുക. ഞാൻ ഈ സർക്കാറിനെ ഒരിക്കലും പ്രീണിപ്പിക്കുന്നില്ല. പ്രത്യുത യഥാർഥമെന്താണെന്നാൽ, ഇസ്‌ലാം മതത്തിലും അതിന്റെ ആചാരാനുഷ്ഠാനങ്ങളിലും കൈകടത്താതിരിക്കുകയും തങ്ങളുടെ മതത്തെ പ്രചരിപ്പിച്ച് അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ നമ്മുടെമേൽ വാളെടുക്കാതിരിക്കുകയും ചെയ്യുന്ന ഒരു സർക്കാരിനോടു മതയുദ്ധം ചെയ്യുന്നത് വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ച് നിഷിദ്ധമാണ്. കാരണം അവരും ഒരു വിധത്തിലുള്ള മതയുദ്ധവും നടത്തുന്നില്ല. നാം അവരോടു നന്ദികാണിക്കാൻ ബാധ്യസ്ഥരാണ്. കാരണം നമുക്ക് നമ്മുടെ പ്രവർത്തനം മക്കയിലും മദീനയിലുംകൂടി ഇത്ര സ്വാതന്ത്ര്യത്തോടെ നടത്താൻ സാധ്യമല്ല. എന്നാൽ, ഇവരുടെ നാട്ടിൽ എന്നെ ജനിപ്പിച്ചത് അല്ലാഹുവിൽനിന്നുള്ള ഒരു ഹിക്മത്തായിരുന്നു. ഈ ദൈവികയുക്തിയുടെ മഹിമാവിലാസത്തിന് ഞാൻ കുറവു വരുത്തണമെന്നാണോ? വിശുദ്ധ ഖുർആൻ പറയുന്നു: **വ ആവയ്നാഹുമാ ഇലാ റബ്‌വത്തിൻ ദാത്തി കരാറിൻവ്വമയീൻ**(23:51). ഈ വചനത്തിൽ അല്ലാഹു മനസ്സിലാക്കിത്തരുന്നത് കുരിശു സംഭവത്തിനുശേഷം അവൻ ഈസാമസീഹിനെ കുരിശു വിപത്തിൽനിന്ന് മോചിപ്പിക്കുകയും അദ്ദേഹത്തേയും അദ്ദേഹത്തിന്റെ മാതാവിനേയും വാസയോഗ്യവും ജലാശയങ്ങളുള്ളതുമായ ഒരു കുന്നിൻ പ്രദേശത്ത് അതായത് കശ്മീരിലെ ശ്രീനഗറിൽ അഭയം നല്കുകയും ചെയ്തുവെന്നാണ്. ഇതേപ്രകാരം അല്ലാഹു ഈ സർക്കാറിന്റെ ഉയർന്ന കുന്നിനുമേൽ-അവിടംവരെ കുഴപ്പക്കാരുടെ കൈ എത്തുകയില്ല-എനിക്കിടം നല്കി. ഈ സ്ഥലം ഒരു വിശ്രമസങ്കേതമാണ്. സത്യസന്ധമായ ജ്ഞാനങ്ങളുടെ അരുവി ഒഴുകുകയും കുഴപ്പക്കാരുടെ ആക്രമണങ്ങളിൽനിന്ന് സമാധാനം നല്കുകയും ചെയ്യുന്ന നാട്ടിലാണെനിക്ക് സ്ഥാനം നല്കിയിരിക്കുന്നത്. അപ്പോൾ നാം ഈ ഭരണകൂടത്തിന്റെ ഔദാര്യങ്ങൾക്ക് കൃതജ്ഞതകാണിക്കേണ്ടത് നമ്മുടെ കടമയല്ലേ?

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ *The Weekly* **BADAR** *Qadian*

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 13 December 2018 Issue-50

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# മിർസാ ഗുലാം അഹ്മദ് സാഹിബിന് ഒരു സ്തുത്യുപഹാരം 2

**(2018 സെപ്തബർ ലക്കം 'ദി റിവ്യൂ ഓഫ് റിലിജ്യൻസിൽ' പ്രസിദ്ധീകരിച്ച പരേതനെ കുറിച്ചുള്ള ഈ ലേഖനം മൊഴിമാറ്റം നടത്തിയിരിക്കുന്നത് കോഴിക്കോട് കെ.വി. ഹസ്സൻകോയ സാഹിബാണ്)**

(48ൽ നിന്ന് തുടർച്ച....) അവരുടെ ജൽസ സാലാനയുടെ നാഇബ് അഫ്സർ ആയിരുന്നു മിർസാ ഗുലാം അഹ്മദ്സാഹിബ്. (ജൽസ സാലാന എന്നാൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഓരോ നാട്ടിലുമുള്ള വാർഷിക സമ്മേളനമാണ്). പാക്കിസ്താനിൽ 1983 മുതൽ ജൽസാ സാലാനാ നടന്നിട്ടില്ല. അഹ്മദി മുസ്ലിംകൾ എന്ന നിലയിൽ സർക്കാർ ഭാഗത്തുനിന്നുള്ള പീഡനം കാരണമായിരുന്നു ഇത്. അവസാനത്തെ ചില അഹ്മദിയ്യാ വാർഷിക സമ്മേളനങ്ങളിൽ ഒരുലക്ഷം പേർ പങ്കെടുത്തിരുന്നു. അവർക്ക് ഭക്ഷണവും താമസസൗകര്യവും ഏർപ്പെടുത്തിയിരുന്നു. ഈ എല്ലാ ജോലികൾക്ക് പുറമെ 1989ലെ പാക്കിസ്താൻ ശിക്ഷാ നിയമം 298 സി വകുപ്പുപ്രകാരം ചില ദിവസങ്ങളിൽ അദ്ദേഹം ജയിലിലടക്കപ്പെട്ടിരുന്നു. മുസ്ലിംകൾ എന്ന നിലയിൽ അഹ്മദികൾ അഞ്ചുനേര നമസ്കാരം അനുഷ്ഠിച്ചതും ബാങ്ക് വിളിച്ചതുമായിരുന്നു കുറ്റം. യുവാവായിരിക്കുമ്പോൾത്തന്നെ ജമാഅത്തിന്റെ സേവനത്തിന് ജീവാർപ്പണം ചെയ്ത ജനാബ് മിർസാ ഗുലാം അഹ്മദ് സാഹിബിൽ പ്രതീക്ഷിക്കപ്പെട്ട നീതിശാസ്ത്രം എടുത്തുപറയേണ്ടതുതന്നെയായിരുന്നു. രാവിലെ മുതൽ ജോലിയിൽ പ്രവേശിക്കുന്ന അദ്ദേഹം വൈകിയാലും തിരിച്ചെത്തില്ലായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ(റഹ്) കൂടെ ജോലി ചെയ്തിരുന്നു. 1974 കാലത്ത് പകൽ സമയം അദ്ദേഹം വീട്ടിലെത്താറേ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കാര്യക്ഷമതയുടെ മറ്റൊരു ഉദാഹരണമെന്തെന്നാൽ, ഒരിക്കൽ 150–200 പേജുള്ള ഒരു പുസ്തകത്തിന്റെ പ്രൂഫ് നോക്കാൻ അദ്ദേഹം ഏല്പിക്കപ്പെട്ടു. പിറ്റേന്ന് രാവിലെ അദ്ദേഹം പ്രൂഫ് നോക്കിയശേഷം തിരുത്തലുകളോടെ കയ്യെഴുത്തുപ്രതി തിരിച്ചേല്പിച്ചു. അദ്ദേഹത്തിന്റെ മറ്റൊരു വിശിഷ്ട ഗുണം ഖിലാഫത്തിനോടുള്ള അർപണബോധമായിരുന്നു. മലേഷ്യയിൽനിന്ന് മതപരിവർത്തനം ചെയ്ത ശാഹിദ് അബ്ബാസ് പ്രസ്താവിച്ചു. "ഞാൻ 2005–ലാണ് ബയ്അത്ത് ചെയ്തത്. എന്നിട്ട് മർക്കസിൽ സന്ദർശനം നടത്തി. മിർസാ ഗുലാം അഹ്മദ് സാഹിബ് തന്റെ ആഫീസിലേക്ക് പോകുകയായിരുന്നു. അപ്പോൾ എന്നോടൊപ്പമുണ്ടായിരുന്ന പ്രാദേശിക മുഅല്ലിം (പ്രബോധകൻ) ദാനിയാൽ സാഹിബ് പറഞ്ഞു: "അദ്ദേഹം കാലത്തിന്റെ ഖലീഫയുടെ അടുത്ത ബന്ധുവാണ്. താങ്കൾ അദ്ദേഹത്തോട് ദുആ ചെയ്യാൻ അപേക്ഷിക്കണം." ഞാൻ അദ്ദേഹത്തെ സമീപിച്ചു. താൻ ശിയാ കക്ഷിയിൽനിന്ന് അഹ്മദിയ്യത്തിൽ ബയ്അത്ത് ചെയ്തുവന്ന ആളാണെന്നും തനിക്കുവേണ്ടി ദുആ ചെയ്യണമെന്നും അപേക്ഷിച്ചു. അദ്ദേഹം എന്നെ ആലിംഗനം ചെയ്തുകൊണ്ട് എന്റെ കൈ ശക്തിയോടെ പിടിച്ചുകൊണ്ട് വികാരഭരിതനായി പറഞ്ഞു: ഞാനും ദുആയ്ക്കുവേണ്ടി അപേക്ഷിക്കുന്ന ഒരു വ്യക്തിയെ കുറിച്ചു പറഞ്ഞുതരട്ടെയോ? അതാരായിരിക്കും എന്ന് ഞാൻ അന്വേഷിച്ചു. അദ്ദേഹം മറുപടി പറഞ്ഞു. "കാലത്തിന്റെ ഖലീഫയാണദ്ദേഹം. താങ്കൾ അദ്ദേഹത്തോട് ദുആക്കപേക്ഷിച്ചുകൊണ്ട് എഴുതണം.' കാലത്തിന്റെ ഖലീഫയോടുള്ള അദ്ദേഹത്തിന്റെ സ്നേഹവികാരങ്ങൾ ഞാൻ അദ്ദേഹത്തിന്റെ നയനങ്ങളിൽ ദർശിച്ചു. അത് അങ്ങേയറ്റം വികാരഭരിതമായിരുന്നു. ആ ചില നിമിഷങ്ങൾ എന്റെ സ്മരണയിൽ കൊത്തിവെച്ചിരിക്കു ന്നു.

ഈ വിശിഷ്ടഗുണങ്ങൾ കൂടാതെ അദ്ദേഹത്തിന് ദരിദ്രരോടുള്ള ശ്രദ്ധയും സുഹൃത്തുക്കളോടും കുടുംബത്തോടുമുള്ള കൂറും ശ്രദ്ധയും എടുത്തുപറയത്തക്കതാണ്. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഗോളനേതാവും ഇപ്പോഴത്തെ ഖലീഫയുമായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്) 2018 ഫിബ്രുവരി 9–ാം തിയ്യതിയിലെ ജുമുഅ ഖുത്ബയിൽ മിർസാ ഗുലാം അഹ്മദ് സാഹിബിനെ ഇപ്രകാരം അനുസ്മരിച്ചു: 'സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. അദ്ദേഹം വിട്ടുപോയ സ്ഥലത്തേക്ക് നാം ഓരോരുത്തരും ഒരു നിശ്ചിതസമയത്ത് പോകേണ്ടവരാണ്. സർവ്വശക്തനായ അല്ലാഹുവിന്റെ സംതൃപ്തി നേടുവാൻ കഠിനാധ്വാനം ചെയ്തവർ എത്ര ഭാഗ്യവാന്മാരാണ്. സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. അദ്ദേഹം ചെയ്ത സൽകർമങ്ങൾ തുടരാൻ അദ്ദേഹത്തിന്റെ മക്കൾക്ക് അല്ലാഹു പ്രാപ്തി നൽകുമാറാകട്ടെ. കൂടാതെ എല്ലാ വാഖ്ഫീനും (അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽ ജീവാർപ്പണം ചെയ്തവർക്കും) എല്ലാ ഔദ്യോഗിക ഭാരവാഹികളും തങ്ങളുടെ വഖ്ഫ് (ജമാഅത്തിന് സേവനം ചെയ്യാൻ ചെയ്ത പ്രതിജ്ഞ) ആത്മാർഥതയോടെ പൂർത്തീകരിക്കുമാറാകട്ടെ; എപ്രകാരം പരേതൻ പൂർത്തിയാക്കിയോ അതുപോലെ. അല്ലാഹു ഓരോരുത്തർക്കും തന്റെ പ്രതിജ്ഞ പൂർത്തിയാക്കുവാനുള്ള അവസരം നൽകുമാറാകട്ടെ. ആത്മാർഥമായ വികാരത്തോടെ ജമാഅത്തിന് സേവനം ചെയ്യുന്ന ഭക്തരും സാത്വികരുമായ ആളുകളെ ഭാവിയിലും അല്ലാഹു ജമാഅത്തിനു നല്കുമാറാകട്ടെ.'

☆☆☆

## ചന്ദ ജൽസ സാലാന

2018ലെ ഖാദിയാൻ ജൽസാസാലാനയ്ക്ക് ഇനി അല്പം ചില ദിവസങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. ഇതുസംബന്ധമായി ഖാദിയാനിൽ വരുന്ന എല്ലാവരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളാണ്. അവർക്ക് വേണ്ടുന്ന എല്ലാ കാര്യങ്ങളും ചെയ്തുകൊടുക്കേണ്ടത് കേന്ദ്രമാണ്. അതുകൊണ്ട് മുഴുവൻ ജമാഅത്തും ഈ പുണ്യകർമത്തിൽ ഭാഗഭാക്കാകേണ്ടതാണ്.

ചന്ദ ജൽസസാലാന നിർബന്ധചന്ദകളിൽപ്പെട്ടതാണെന്ന് ജമാഅത്തംഗങ്ങൾക്ക് അറിവുള്ളതാണല്ലോ. പക്ഷേ, കൃത്യമായി ചന്ദകൊടുക്കുന്നവർ പോലും ചിലപ്പോൾ ഈ ചന്ദ അടയ്ക്കാൻ വിട്ടുപോകാറുണ്ട്. അതുകൊണ്ട് ഇതുവരെ ഈ വർഷത്തെ ചന്ദ ജൽസ സാലാന കൊടുത്തിട്ടില്ലാത്തവർ എത്രയും വേഗം തദ്ദേശ ജമാഅത്തിലെ സെക്രട്ടറിമാലിന് ഈ ചന്ദ നല്കുക. അല്ലാഹു നമുക്കെല്ലാം അതിന് തൗഫീഖ് നല്കുമാറാകട്ടെ. ജമാഅത്തംങ്ങളുടെ ധനങ്ങളിൽ അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ. ആമീൻ

**(നാളിർ ബയ്ത്തുൽ മാൽ ആമദ്)**

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി,**
**കണ്ണൂർ 670 303.**
**ismayeel.ha@gmail.com-**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**താലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**താലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin